16
2021
നവംബർ
ചൊവ്വ
1197
വൃശ്ചികം 1

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 186 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-186 പേജ് 4. വില 2.00 രൂപ

02 തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റായി കെ. അനന്തഗോപൻ സ്ഥാനമേറ്റു
03 നിയന്ത്രണം വിട്ട് പാഞ്ഞ ബസ് 13 വാഹനങ്ങൾ ഇടിച്ചുതകർത്തു
04 കെറെയിൽ സംസ്ഥാനത്തിന് ഒഴിച്ചുകൂടാനാവാത്ത പദ്ധതി : മുഖ്യമന്ത്രി

# ഇന്ധന നികുതി കൂട്ടി എത്രനാൾ സർക്കാരിന് മുന്നോട്ട് പോകാൻ കഴിയും?

**പി സ്റ്റെല്ലസ്**

തിരുവനന്തപുരം: കേരളത്തിലെ ധനമന്ത്രി നിയമസഭയിൽ ഇന്ധന നികുതി കുറയക്കണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടപ്പോൾ, ഇന്ധന നികുതി കുറച്ചാൽ സംസ്ഥാനത്തിന്റെ വരുമാനം പ്രതിസന്ധിലാ കുമെന്നും തുടർന്നുള്ള സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പിലാക്കാൻ കഴിയില്ലന്നും രാജ്യത്ത് ഏറ്റവും കൂടുതൽ സാമൂഹ്യക്ഷേമ പദ്ധതികൾ നടത്തുന്നത് കേരള സർക്കാരാണന്നാണ് ധനമന്ത്രി കെ എൻ ബാലഗോപാൽ സഭയിൽ പറഞ്ഞ് ഇങ്ങനെ എത്ര നാൾ കേരളം പെട്രോളിന്റെയും, ഡീസലിന്റെയും, മണ്ണെണ്ണയുടെയും, മദ്യത്തിന്റെയും, ലോട്ടറിയുടെയും, വസ്തുക്കച്ചവടത്തിന്റെയും, സെസിന്റെയും നികുതി വാങ്ങി ശബളവും പെൻഷനും കൊടുത്തു മുന്നോട്ട് പോകാൻ കഴിയുമോ? രണ്ടാം സർക്കാരിന്റെ ആദ്യ നിയമസഭ സമ്മേളനത്തിൽ പറഞ്ഞതാണ് ധനം കമ്മിയാണ് അതുകൊണ്ട് മരിച്ചീനി കൊണ്ട് സ്പിരിറ്റ് ഉണ്ടാക്കാമെന്ന് സഭയിൽ അവതരിപ്പിച്ചതാണ് എന്നാൽ ആ പദ്ധതിയും പരാജയപ്പെട്ടു.

നമ്മുടെ നാട്ടിൽ സുലഭമായി കിട്ടുന്ന വരിക്കച്ചക്ക, കൂഴചക്ക, പൈനാപ്പിൾ എന്നിവ വിഭവങ്ങൾ കൊണ്ട് Procesing unit ഉണ്ടാക്കി രാജ്യാന്ത വിപണിയിൽ എത്തിക്കാൻ കഴിഞ്ഞാൽ ധനകാര്യം വർദ്ധിപ്പിക്കാൻ കേരളത്തിന് കഴിയുമരുന്നു



കേരളത്തിൽ എമർജിംഗ് കേരള നടത്തി, ജിമിംഗ് കേരള നടത്തി, അസന്റ് കേരള നടത്തി, ഏതെങ്കിലും നടപ്പിലാക്കിയോ ഒരു മുട്ട് പിൻ ഫാക്ടറി പോലും ആലോചിക്കാനോ, നടപ്പിലാക്കാനോ കഴിഞ്ഞോ?

വർഷങ്ങൾ കൊണ്ട് ഉണ്ടായിരുന്ന പല വ്യവസാങ്ങളും കേരളം വിടുകയല്ലെ ചെയുന്നത്,

മുതൽ മുടക്കിലാത്ത കടൽ സമ്പത്തിന്റെ 100ൽ ഒരു ഭാഗം പോലും കേരളം ഉപേയാഗിക്കാറില്ലയെന്നാണ് സത്യം, കോടിയുടെ വരുമാനത്തിനാണ് കേന്ദ്ര സർക്കാർ ബ്ലുറിവല്യൂഷൻ ആവിക്ഷകരിച്ചത്,

നമ്മുടെ രാജ്യത്തിന്റെ അറേബ്യൻ കടലിലെ സമ്പത്ത് മുഴുവനും വിദേശ രാജ്യങ്ങൾക്ക് പലവിധ വിദേശ കരാറുകൾ മൂലം നൽകുകയാണു പതിവ് നമ്മുടെ രാജ്യതാൽപ്പര്യങ്ങൾക്കോ,സംസ്ഥാനങ്ങളുടെ സാമ്പത്തിക വളർച്ചക്കോ മനുഷ്യരാശിയുടെ ക്ഷേമത്തിനും കടലിലെ വിഭവങ്ങളുീ ഇതുവരെ ഭരണാധികാരികൾ വരുമാനമായി കണ്ടെത്താൻ ശ്രമിച്ചിട്ടില്ല,

2018ൽ ഇതിനായി 1,89 ലക്ഷം കോടി രൂപയാണ് കേന്ദ്രം ആഴക്കടൽ മത്സ്യബന്ധനത്തിന് വേണ്ടി 9 തീരദേശ സംസ്ഥാനങ്ങൾക്ക് അനുവദിച്ചത്, എന്നാൽ ഇതിൽ ഏതൊരു പദ്ധതിയും കേരളം നടപ്പിലാക്കാൻ ശ്രമിച്ചിട്ടുമില്ല നടപ്പാക്കിട്ടുമില്ല, കേരളം മദ്യവും, ലോട്ടറിയുടെയും, ഇന്ധന നികുതിയും വാങ്ങി എത്രനാൾ ശബളവും, പെൻഷനും, കൊടുത്തു മുന്നോട്ട് പോകാൻ കഴിയുമോ?

ഈ അവസരത്തിൽ കേന്ദ്ര ആവിക്ഷകരിച്ച ബ്ലു റവല്യൂഷൻ കേരളം നടപ്പിലാക്കേണ്ടതല്ലേ? ട്യൂണ ഫിഷ് (വലിയ ചൂരാ ) നമ്മുക്ക് ഏറ്റവും കൂടുതൽ കിട്ടുന്നത് നമ്മുടെ (ഇന്ത്യ ) അറേബ്യൻ കടലിലാണ് ലഭ്യക്കുന്നത്, അറേബ്യൻ കടലിൽ ബ്ലു ഫിഷ് ടൂണ, എല്ലോ ഫിഷ് ടൂണ എന്ന പറയുന്നത്, തള്ളുപ്പ് രാജ്യങ്ങൾക്ക് ഏറ്റവും കൂടുതൽ വേണ്ടതാണ് വലിയ ടൂണകളാണ് അവർ എന്ത് വില കൊടുത്തും വാങ്ങാറുള്ളതാണ് (വലിയ ചൂര) ഈ ഫിഷിനകത്ത് ( ഉള്ളിൽ) ചൂട് ഉണ്ട്( കേരളത്തിൽ ചൂര എന്ന് പറയും) നമ്മുടെ മത്സ്യത്തൊഴിലാളികൾ ഇത്രയും ദൂരെ പോയി പിടിക്കാറില്ല പോകാൻ ഇതു വരെ ശ്രമിച്ചിട്ടുമില്ല, അതിനുള്ള സംവിധാനങ്ങളുമില്ല ഇവർ 12 നോട്ടിക്കൽ മൈൽ വരെ പോകാറുള്ളു, ഇവർ ചെറ് വള്ളത്തിൽ പോയി 10 ലിറ്റർ 20 ലിറ്റർ ഓളം മണ്ണെണയിൽ പോയി വരും. നമ്മുടെ കടലിൽ 300 നോട്ടിക്കൽ മൈ മൽ അതിർത്തി ഇന്ത്യക്കുണ്ട്, അറേബ്യൻ ടലമ ക്രടൽ ) ഇന്ത്യൻ ഒഷിൻ (o-se-an) ബംഗാൾ Tcea നമ്മുടെ കടലിൽ ഇന്ത്യയിലുള്ള ഒരു ബോട്ടുകളും, ട്രോളേഴ്സും മീൻ പിടിക്കാൻ ഇല്ലാത്തതു കൊണ്ടാണ് നമ്മുടെ ലൈസൻസ് വിദേശ രാജ്യങ്ങൾക്ക് കൊടുത്തിരുന്നത്.

എന്നാൽ ഇത്രയും വർഷം ഇവർ പിടിച്ചു കൊണ്ടു പോയ മത്സ്യത്തിന്റെ ഒരു നികുതിയും ഇന്ത്യക്ക് കൊടുക്കാറില്ല.

നമ്മുടെ രാജ്യത്തിന്റെ സമ്പത്തിലെ മുഴുവനും മറ്റ രാജ്യങ്ങൾ കൊണ്ട് പോകുന്നത് ഇവിടെ പതിവാണ് പരിസ്ഥിതിയേയും, ജനങ്ങളുടെ ക്ഷേമവും,സുരക്ഷ ജീവിതത്തേയും പരിഗണിക്കാതെയും വൻകിട ശക്തികൾക്ക് പണം സമ്പാദിക്കാനുള്ള അവസരമാണ് ഉണ്ടാക്കി കൊടുത്തിരുന്നത്, ഇന്ത്യയുടെ 24.9 ലക്ഷം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള സമുദ്ര വിഭവം നമ്മൾ നേടിയെടുക്കണമെങ്കിൽ പ്രത്യേകിച്ച്

കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് വിദേശ ടെക്നോളജി ഉപയോഗിച്ച് കേരള സർക്കാരിന് ചെലവില്ലാതെ ആഴക്കടലിൽ പോയി മീൻ പിടിച്ചു കൊണ്ടു വന്നാൽ നമ്മുടെ കേരളത്തിന് സമ്പത്തുണ്ടാക്കാൻ കഴിയുമെന്നതിൽ ഒരു സംശവും വേണ്ട.

സഭയിൽ എന്തു കൊണ്ട് നികുതി കുറയ്ക്കാൻ കഴിയാത്തതെന്ന് ചോദ്യത്തിന് ധന മന്ത്രിയുടെ മറുപടി ഇങ്ങനെയാണ്, സാമൂഹ്യക ക്ഷേമ പ്രവർത്തിന് വേണ്ടി 12,000 കോടി രൂപ വേണം അതുകൊണ്ടാണ് ഇന്ധന നികുതി കുറയ്ക്കില്ല എന്ന പിടിവാശിയിൽ മുന്നോട്ടു പോകുന്നത്, ഇന്ധന നികുതിയിലൂടെ മാത്രം 8000 കോടി രൂപയാണ് വരുമാനം ഇതുകൊണ്ടാണ് സംസ്ഥാന സർക്കാർ മുന്നോട്ടു പോകുന്നതെന്നാണ് ധന മന്ത്രിയുടെ നിലപാട്.

ജനങ്ങളെ മാത്രം പിഴിഞ്ഞെടുത്തു കൊണ്ട് മുന്നോട്ടു പോകുന്ന സർക്കാർ ജനങ്ങളുമായി ഒപ്പം നിൽക്കുന്ന സമീപനമാണ് എന്ന് പറയുന്നതിൽ അർത്ഥമുണ്ടോ?



# മണ്ഡലകാലമായി; ശബരിമല നട തുറന്നു; തീർഥാടകർക്ക് നിയന്ത്രണം

പത്തനംതിട്ട: ശബരിമല മണ്ഡലകാല തീർഥാടനത്തിനായി ശ്രീധർമശാസ്താ ക്ഷേത്ര നട തുറന്നു. ഇന്നു വൈകുന്നേരം ക്ഷേത്രം തന്ത്രി കണ്ഠരര് മഹേഷ് മോഹനരുടെ സാന്നിധ്യത്തിൽ മേൽശാന്തി വി.കെ. ജയരാജ് പോറ്റി ക്ഷേത്രനട തുറന്ന് ദീപങ്ങൾ തെളിച്ചു.

ശബരിമല, മാളികപ്പുറം പുതിയ മേൽശാന്തിമാരുടെ അവരോധിക്കൽ ചടങ്ങ് ഇന്നു വൈകുന്നേരം ആറിന് ആരംഭിക്കും. തന്ത്രി കണ്ഠരര് മഹേഷ് മോഹനരുടെ മുഖ്യകാർമികത്വത്തിലാണ് മേൽശാന്തിമാരുടെ അവരോധിക്കൽ ചടങ്ങുകൾ. വൃശ്ചികപ്പുലരിയിൽ ശബരിമല, മാളികപ്പുറം ക്ഷേത്രനടകൾ തുറക്കുന്നത് പുതിയ മേൽശാന്തിമാരായ എൻ. പരമേശ്വരൻ നന്പൂതിരിയും ശംഭു നന്പൂതിരിയും ആയിരിക്കും.

ചൊവ്വാഴ്ച മുതൽ ഡിസംബർ 26 വരെയാണ് മണ്ഡലപൂജാ മഹോൽസവം. മകരവിളക്ക് ഉത്സവത്തിനായി ശബരിമല ക്ഷേത്രനട ഡിസംബർ 30ന് തുറക്കും. മകരവിളക്ക് ഉത്സവം ഡിസംബർ 30 മുതൽ 2022 ജനുവരി 20 വരെയാണ്. 2022 ജനുവരി 19 വരെ ഭക്തർക്ക് ദർശനത്തിനുള്ള അനുമതിയുണ്ട്.

ശബരിമല നട തുറക്കുന്പോൾ കൂടുതൽ തീർഥാടകർ പ്രവേശിക്കുന്നത് ഇന്നത്തെ അവസ്ഥയിൽ പ്രയാസം സൃഷ്ടിക്കുമെന്നതിനാൽ കൂടുതൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ജലനിരപ്പ് അപകടകരമായതിനാൽ പന്പാ സ്നാനം അനുവദിക്കില്ല. മറ്റു കുളിക്കടവുകളിലും ഇറങ്ങരുതെന്നാണ് നിർദേശം.

# മൂന്ന് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ചൊവ്വാഴ്ച അവധി; കേരള, എംജി പരീക്ഷകൾ മാറ്റി

തിരുവനന്തപുരം: സംസ്ഥാനത്തു കനത്ത മഴ തുടരുന്നതിനാൽ വിവിധ ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു ചൊവ്വാഴ്ച അവധി പ്രഖ്യാപിച്ചു. സർവകലാശാലകൾ പരീക്ഷകളും മാറ്റിവച്ചു.

ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ പ്രഫഷണൽ കോളജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് ചൊവ്വാഴ്ച കളക്ടർമാർ അവധി പ്രഖ്യാപിച്ചത്. കോട്ടയത്ത് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഓൺലൈൻ ക്ലാസുകൾ ക്രമീകരിക്കണമെന്ന് ജില്ലാ കളക്ടർ നിർദേശം നൽകിയിട്ടുണ്ട്.

കേരള, എംജി സർവകലാശാലകളും ചൊവ്വാഴ്ച നടത്താനിരുന്ന എല്ലാ പരീക്ഷയും മാറ്റി. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

# കരുതലോടെ കേരളം; ആദ്യ ഡോസ് വാക്സിനേഷൻ 95.5 ശതമാനമായി



തിരുവനന്തപുരം: സംസ്ഥാനത്ത് വാക്സിനേഷൻ എടുക്കേണ്ട ജനസംഖ്യയുടെ 95.5 ശതമാനം പേർക്ക് ഒരു ഡോസ് വാക്സിനും (2,55,07,363), 57.4 ശതമാനം പേർക്ക് രണ്ട് ഡോസ് വാക്സിനും (1,54,62,637) നൽകി. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വാക്സിനേഷൻ/ ദശലക്ഷം ഉള്ള സംസ്ഥാനം കേരളമാണ് (11,47,636).

ഇന്നത്തെ റിപ്പോർട്ട് പ്രകാരം, 4547 പുതിയ രോഗികളിൽ 3885 പേർ വാക്സിനേഷന് അർഹരായിരുന്നു. ഇവരിൽ 607 പേർ ഒരു ഡോസ് വാക്സിനും 1680 പേർ രണ്ടു ഡോസ് വാക്സിനും എടുത്തിരുന്നു. എന്നാൽ 1598 പേർക്ക് വാക്സിൻ ലഭിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

നവംബർ 8 മുതൽ നവംബർ 14 വരെയുള്ള കാലയളവിൽ, ശരാശരി 70,916 കേസുകൾ ചികിത്സയിലുണ്ടായിരുന്നതിൽ 1.6 ശതമാനം പേർക്ക് മാത്രമാണ് ഓക്സിജൻ കിടക്കകളും 1.4 ശതമാനം പേർക്ക് മാത്രമാണ് ഐസിയുവും ആവശ്യമായി വന്നത്. ഈ കാലയളവിൽ, കഴിഞ്ഞ ആഴ്ചയുമായി താരതമ്യം ചെയ്യുമ്പോൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന പുതിയ കേസുകളിൽ ഏകദേശം 1281 കുറവ് ഉണ്ടായി. പുതിയ കേസുകളുടെ വളർച്ചാ നിരക്കിൽ മുൻ ആഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ 3 ശതമാനവും കുറവ് ഉണ്ടായിട്ടുണ്ട്.

നിലവിൽ രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ള രോഗികൾ, ആശുപത്രികൾ, ഫീൽഡ് ആശുപത്രികൾ, ഐസിയു, വെൻറിലേറ്റർ, ഓക്സിജൻ കിടക്കകൾ എന്നിവിടങ്ങളിലെ രോഗികളുടെ എണ്ണം എന്നിവ മുൻ ആഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ആഴ്ചയിൽ യഥാക്രമം 6 ശതമാനം, 9 ശതമാനം, 28 ശതമാനം, 10 ശതമാനം, 10 ശതമാനം, 17 ശതമാനം കുറഞ്ഞു.

# ശൂരനാട് രാജശേഖരൻ യുഡിഎഫ് രാജ്യസഭാ സ്ഥാനാർഥി; ചൊവ്വാഴ്ച പത്രിക നൽകും

തിരുവനന്തപുരം: രാജ്യസഭാ സീറ്റിലേക്ക് യുഡിഎഫ് സ്ഥാനാർഥിയായി ഡോ.ശൂരനാട് രാജശേഖരനെ മത്സരിപ്പിക്കുവാൻ തീരുമാനിച്ചതായി കെപിസിസി അധ്യക്ഷൻ കെ.സുധാകരൻ എംപി അറിയിച്ചു. അദ്ദേഹം ചൊവ്വാഴ്ച പത്രിക നൽകും. ഒഴിവുള്ള സീറ്റിലേക്ക് ഇതോടെ മത്സരം ഉറപ്പായി.

കേരള കോൺഗ്രസ് എം ചെയർമാൻ ജോസ് കെ.മാണി രാജ്യസഭാ ഉപതെരഞ്ഞെടുപ്പിൽ എൽഡിഎഫ് സ്ഥാനാർഥി. അദ്ദേഹം ഇന്ന് നാമനിർദേശ പത്രിക സമർപ്പിച്ചിരുന്നു. തിങ്കളാഴ്ച രാവിലെ 11.30 ഓടെ നിയമസഭാ സെക്രട്ടറി മുൻപാകെയാണ് പത്രിക സമർപ്പിച്ചത്.

ഈ മാസം 29നാണ് ഉപതെരഞ്ഞെടുപ്പ്. ചൊവ്വാഴ്ചയാണ് പത്രികാസമർപ്പണത്തിനുള്ള അവസാന ദിവസം. സൂക്ഷ്മ പരിശോധന 17ന്. പിൻവലിക്കാനുള്ള അവസാന തീയതി 22. 29ന് രാവിലെ ഒൻപതു മുതൽ വൈകുന്നേരം നാലുവരെയാണ് പോളിംഗ്.



# 21,000 കോടിക്ക് ആയുധശേഷിയുള്ള യുഎസ് ഡ്രോണുകൾ വാങ്ങാൻ ഇന്ത്യ

ന്യൂഡൽഹി: അത്യാധുനിക നിരീക്ഷണ സംവിധാനമായ പ്രിഡേറ്റർ ഡ്രോണുകൾ വാങ്ങാനൊരുങ്ങി കേന്ദ്ര പ്രതിരോധ മന്ത്രാലയം. ദീർഘദൂര നിരീക്ഷണങ്ങൾക്ക് ഉപയോഗിക്കാവുന്ന 30 അമേരിക്കൻ നിർമിത പ്രിഡേറ്റർ ഡ്രോണുകളാണ് ഏകദേശം 21,000 കോടി രൂപ ചിലവിട്ട് രാജ്യം വാങ്ങാനൊരുങ്ങുന്നത്.

കേന്ദ്ര പ്രതിരോധ സെക്രട്ടറിയുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ ഇന്നു ചേർന്ന യോഗത്തിൽ സ്വീകരിച്ച തീരുമാനം പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗിൻറെ അംഗീകാരം ലഭ്യമായാൽ ക്യാബിനറ്റ് കമ്മിറ്റിയുടെ അന്തിമ തീരുമാനത്തിന് വിടും.

കഴിഞ്ഞ വർഷം നവംബറിൽ ഇന്ത്യൻ സമുദ്ര അതിർത്തിയിലെ സൈനിക നിരീക്ഷണങ്ങൾക്കായി അമേരിക്കയിൽ നിന്നും നാവിക സേന രണ്ട് സീ ഗാർഡിയൻ പ്രിഡേറ്റർ ഡ്രോണുകൾ കരാർ അടിസ്ഥാനത്തിൽ വാങ്ങിയിരുന്നു. കഴിഞ്ഞ വർഷം ജൂണിൽ കിഴക്കൻ ചൈനയും ഇന്ത്യയുമായി ഉണ്ടായ സംഘർഷത്തിലും സീ ഗാർഡിയൻ പ്രിഡേറ്റർ ഡ്രോണുകൾ സൈനിക നിരീക്ഷണത്തിനായി ഉപയോഗിച്ചിരുന്നു.

കരാർ അടിസ്ഥാനത്തിൽ വാങ്ങിയ ഡ്രോണുകളിൽ നിന്നും വ്യത്യസ്ഥമായി പുതിയ ഡ്രോണുകളിൽ ആയുധങ്ങൾ ഘടിപ്പിക്കാനുള്ള സംവിധാനങ്ങളുമുണ്ട്.

# വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയയുടെ മുഴുവൻ ചെലവും വഹിക്കാൻ 'ജീവജ്യോതി' പദ്ധതിയുമായി സ്നേഹസ്പർശം

കോഴിക്കോട്: കോഴിക്കോട് ജില്ലാപഞ്ചായത്ത് സ്നേഹസ്പർശത്തിന്റെ ഭാഗമായി വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയാചെലവ് പൂർണ്ണമായി ഏറ്റെടുക്കാൻ ജില്ലയിലെ ആശുപത്രികളുമായി കൈകോർത്ത് 'ജീവജ്യോതി' പദ്ധതിക്ക് രൂപം നൽകി. വൃക്കദാതവിന്റേയും സ്വീകർത്തവിന്റേയും ശസ്ത്രക്രിയാ ചെലവുകളാണ് ഈ പദ്ധതിയിലൂടെ കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ സ്നേഹസ്പർശം ഏറ്റെടുക്കുന്നത്.

# അരിച്ചാക്കിൽ ചത്ത പാമ്പ്: വാർത്ത അടിസ്ഥാനരഹിതമെന്ന് മന്ത്രി

നെടുമങ്ങാട്: വയനാട് മാനന്തവാടി ആദിവാസി ഊരിലെ റേഷൻ കടയിൽ നിന്നും വാങ്ങിയ അരിച്ചാക്കിൽ ചത്ത പാമ്പിനെ കണ്ടെന്ന വാർത്ത ശരിയല്ലെന്ന് ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ.അനിൽ. സംസ്ഥാന ഭക്ഷ്യ ഗോത്രവർഗ വനിതാ ഭക്ഷ്യ ഭദ്രത കൂട്ടായ്മ ഭാസുരയുടെ തിരുവനന്തപുരം ജില്ലാതല ഉത്ഘാടനം നെടുമങ്ങാട് പഴകുറ്റിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സംഭവ സ്ഥലം സന്ദർശിക്കുകയും ചത്ത പാമ്പിനെ കണ്ട ചാക്കിലെ അരി വീട്ടുകാർ ഭക്ഷിച്ചിട്ടില്ലെന്നും സംസ്ഥാന ഭക്ഷ്യ കമ്മീഷൻ അംഗം കുമാരി എം.വിജയ ലക്ഷ്മി പറഞ്ഞു. സിവിൽ സപ്ലൈസിൻറെ കീഴിലെ അരി ചാക്കല്ല അതെന്നും അന്വേഷണത്തിൽ നിന്നും കണ്ടെത്തിയതായും അവർ പറഞ്ഞു.



രാജ്യസഭാ സീറ്റിലേക്ക് ജോസ് കെ. മാണി നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നു



ആരോഗ്യമന്ത്രി വീണാജോർജ് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗം സന്ദർശിക്കുന്നു

# ശബരിമലയിൽ കൂടുതൽ ആരോഗ്യ സേവനങ്ങൾ: മന്ത്രി വീണാ ജോർജ്

തിരുവനന്തപുരം: ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് കൂടുതൽ ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്.

പത്തനംതിട്ട ജില്ലയിലെ വിവിധ ഭാഗങ്ങൾക്ക് പുറമെ തീർത്ഥാടകരെത്തുന്ന കോട്ടയം, ആലപ്പുഴ, ഇടുക്കി എന്നീ ജില്ലകളിലും ആരോഗ്യ സേവനങ്ങൾ ഉറപ്പ് വരുത്തിയിട്ടുണ്ട്. വിപുലമായ ആംബുലൻസ് നെറ്റുവർക്കും മൊബൈൽ മെഡിക്കൽ യൂണിറ്റും സജ്ജമാണ്.

15 ബിഎൽഎസ് ആംബുലൻസ്, ഒരു എ.എൽ.എസ്. ആംബുലൻസ്, 2 മിനി ബസ് എന്നിവ അടിയന്തര ആവശ്യങ്ങൾക്കായി സജ്ജമാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എരുമേലി, കോഴഞ്ചേരി ജില്ലാ ആശുപത്രി, റാന്നി പെരിനാട് സാമൂഹികാരോഗ്യ കേന്ദ്രം, റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പന്തളം വലിയ കോയിക്കൽ ക്ഷേത്രം ഇടത്താവളം, അടൂർ ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി മുണ്ടക്കയം, കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി, വണ്ടിപ്പെരിയാർ സാമൂഹികാരോഗ്യ കേന്ദ്രം, കുമളി പ്രാഥമികാരോഗ്യ കേന്ദ്രം, ചെങ്ങന്നൂർ ജില്ലാ ആശുപത്രി, പത്തനംതിട്ട ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ തീർത്ഥാടകർക്ക് ചികിത്സാ സൗകര്യം ഒരുക്കിയിട്ടുണ്ട്.

ഇതിന് പുറമേ ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ, മഹാദേവ ക്ഷേത്രം എന്നിവിടങ്ങളിൽ സ്പെഷ്യൽ എയ്ഡ് പോസ്റ്റും സ്ഥാപിച്ചിട്ടുണ്ട്. നിലയ്ക്കൽ പ്രാഥമികാരോഗ്യ കേന്ദ്രം, ചരൽമേട് ഡിസ്പെൻസറി, എരുമേലി സാമൂഹികാരോഗ്യ കേന്ദ്രം, പത്തനംതിട്ട ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ അധികമായി നിയമിച്ചിട്ടുണ്ട്. 2 കാർഡിയോളജിസ്റ്റ്, 2 പൾമണോളജിസ്റ്റ്, 5 ഫിസിഷ്യൻ, 5 ഓർത്തോപീഡിഷ്യൻ, 4 സർജൻ, 3 അനസ്തറ്റിസ്റ്റ്, 8 അസിസ്റ്റന്റ് സർജൻമാർ എന്നിവരെ 7 ദിവസത്തെ ഡ്യൂട്ടി കാലയളവ് കണക്കാക്കി നിയമിച്ചിട്ടുണ്ട്.

6 ലാബ് ടെക്നീഷ്യൻ, 13 ഫാർമസിസ്റ്റ്, 19 സ്റ്റാഫ് നഴ്സ്, 11 നഴ്സിംഗ് അസിസ്റ്റന്റ്, 17 ആശുപത്രി അറ്റന്റന്റ്, 4 റേഡിയോഗ്രാഫർ എന്നിവരും ഒരു ബാച്ചിലുണ്ടാകും. ഇതുകൂടാതെ എല്ലാ എമർജൻസി മെഡിക്കൽ സെന്ററുകളിലും നഴ്സുമാരെ നിയമിച്ചിട്ടുണ്ട്.

പകർച്ചവ്യാധികൾ പ്രതിരോധിക്കാനുള്ള നടപടികളും ശക്തമാക്കിയിട്ടുണ്ട്. കൊതുക് നശീകരണ പ്രവർത്തനങ്ങൾക്കായി ഡിവിസി യൂണിറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സന്നിധാനത്തേയും സമീപ പ്രദേശത്തേയും വെള്ളം ക്ലോറിനേറ്റ് ചെയ്തെന്ന് ഉറപ്പ് വരുത്തും.

എലിപ്പനി പ്രതിരോധ ഗുളികകളായ ഡോക്സിസൈക്ലിൻ, പാമ്പുകടിയ്ക്കുള്ള ആന്റി സ്നേക്ക് വെനം എന്നിവയും ഉറപ്പ് വരുത്തിയിട്ടുണ്ട്. തീർത്ഥാടകർക്ക് യാത്രാ വേളയിൽ ആരോഗ്യ സേവനത്തിനായുള്ള സംശയങ്ങൾക്ക് ദിശ 104, 1056, 0471 2552056, 2551056 എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്.

# മെഡിക്കൽ കോളേജ് പുതിയ അത്യാഹിത വിഭാഗം പ്രവർത്തനമാരംഭിച്ചു

## മന്ത്രി പ്രവർത്തനം വിലയിരുത്തി

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തനം ആരംഭിച്ച പുതിയ അത്യാഹിത വിഭാഗം ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തി. രണ്ടാഴ്ച മുമ്പ് പഴയ അത്യാഹിത വിഭാഗം സന്ദർശിച്ചപ്പോഴുള്ള പോരായ്മകൾ മന്ത്രിക്ക് നേരിട്ട് ബോധ്യമായതിനെ തുടർന്ന് എത്രയും വേഗം പുതിയ അത്യാഹിത വിഭാഗത്തിൽ പ്രവർത്തനം ആരംഭിക്കാൻ നിർദേശം നൽകിയിരുന്നു. സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ഇനി അത്യാഹിത വിഭാഗത്തിൽ തന്നെ ലഭ്യമാകുമെന്ന് മന്ത്രി പറഞ്ഞു. ഏകീകൃത അത്യാഹിത വിഭാഗ ചികിത്സയാണ് സജ്ജമാക്കിയിരിക്കുന്നത്. സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾക്കായി വിവിധ വിഭാഗങ്ങളിൽ രോഗിയെ കൊണ്ടു പോകേണ്ടതില്ല. വിപുലമായ ട്രയേജ് സംവിധാനം, എമർജൻസി മെഡിസിൻ വിഭാഗം, ലെവൽ വൺ ട്രോമ കെയർ സംവിധാനം എന്നിവ സാധ്യമാക്കുകയാണ് ലക്ഷ്യം. 35 കോടിയോളം രൂപ ചെലവഴിച്ചാണ് പുതിയ അത്യാഹിത വിഭാഗം സജ്ജമാക്കിയത്. ഇവിടെ 108 ജീവനക്കാരെയും നിയമിച്ചിരുന്നു. മെഡിക്കൽ കോളേജ് പ്രധാന റോഡിനോട് ചേർന്നുള്ള അത്യാഹിത വിഭാഗത്തിലേക്ക് രോഗികളെ വളരെ വേഗത്തിൽ എത്തിക്കുന്നതിനും സാധിക്കും. ജീവനക്കാർക്ക് മികച്ച പരിശീലനം ഉറപ്പ് വരുത്തുമെന്നും മന്ത്രി വ്യക്തമാക്കി.

ലോകോത്തര നിലവാരമുള്ള ട്രോമകെയർ സംവിധാനമാണ് ലക്ഷ്യമിടുന്നത്. രോഗത്തിന്റെ ഗുരുതരാവസ്ഥ പരിഗണിച്ച് അതിവേഗം ചികിത്സ ലഭ്യമാക്കാൻ സാധിക്കും.റെഡ് സോൺ, യെല്ലോ സോൺ, ഗ്രീൻ സോൺ എന്നിങ്ങനെ തരം തിരിച്ചാണ് രോഗികൾക്ക് അടിയന്തര ചികിത്സ ഉറപ്പ് വരുത്തുന്നത്. റെഡ് സോണിൽ 12 രോഗികളേയും യെല്ലോ സോണിൽ 40 രോഗികളെയും ഒരേ സമയം ചികിത്സിക്കാനാവും. രണ്ട് ഐ.സി.യു.കളും സജ്ജമാക്കിയിട്ടുണ്ട്. അത്യാധുനിക സംവിധാനങ്ങളോടെയുള്ള ഓപ്പറേഷൻ തിയേറ്റർ, ഡിജിറ്റൽ എക്സ്റേ, അൾട്രാസൗണ്ട് സ്കാനറുകൾ, ഡോപ്ളർ മെഷീൻ, മൂന്നു സിടി സ്കാനറുകൾ, എംആർഐ എന്നിവയും അത്യാഹിത വിഭാഗത്തിനോട് അനുബന്ധമായുണ്ട്. സ്ട്രോക്ക് യൂണിറ്റിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. ഇതു കൂടി പ്രവർത്തനസജ്ജമാകുന്നതോടെ സമഗ്ര സ്ട്രോക്ക് ചികിത്സയും അത്യാഹിത വിഭാഗത്തിൽ തന്നെ ലഭ്യമാകും.

കോവിഡ് നിയന്ത്രണ വിധേയമാണ്. പൂർണമായും വ്യാപനം അവസാനിക്കും വരെ ജാഗ്രത തുടരേണ്ടതാണ്.

വിഴിഞ്ഞത്ത് പണം വാങ്ങി അവയവം നൽകിയതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഗൗരവമുള്ള വിഷയമാണ്. അസ്വാഭാവികവും അസാധാരണവുമായി ഒരു പ്രദേശം കേന്ദ്രീകരിച്ച് ദാതാക്കൾ കൂടുന്നത് പരിശോധിക്കാൻ നിർദേശിച്ചതായി മന്ത്രി പറഞ്ഞു.

മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. സാറ വർഗീസ്, സൂപ്രണ്ട് ഡോ. നിസാറുദ്ദീൻ എന്നിവർ സന്നിഹിതരായിരുന്നു.

# ശബരിമല സുരക്ഷയൊരുക്കി കേരള പോലീസ്; ആദ്യസംഘം സന്നിധാനത്ത് ചുമതലയേറ്റു

മണ്ഡലമകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച്ശബരിമല സന്നിധാനത്തിന്റെ സുരക്ഷാ ചുമതലയുള്ള കേരള പോലീസിന്റെ ആദ്യസംഘം ചുമതലയേറ്റു. ശബരിമല പോലീസ് ചീഫ് കോഓർഡിനേറ്റർ എഡിജിപി എസ്. ശ്രീജിത്ത് നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിലെ പോലീസ് വിന്യാസം വിലയിരുത്തി. വലിയ നടപ്പന്തലിൽ നടന്ന ചടങ്ങ് സന്നിധാനത്തെ പോലീസ് സ്പെഷ്യൽ ഓഫീസറും എസ്പിയുമായ എ. പ്രേം കുമാർ ഉദ്ഘാടനം ചെയ്തു. പോലീസ് ഉദ്യോഗസ്ഥർ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കണമെന്നും ദർശനത്തിന് വരുന്ന ഭക്തർക്ക് യാതൊരുവിധ ബുദ്ധിമുട്ടും സൃഷ്ടിക്കരുതെന്നും കോവിഡ് ജാഗ്രത നിർദേശങ്ങൾ നൽകണമെന്നും അദ്ദേഹം പറഞ്ഞു.

സന്നിധാനത്തും പരിസരത്തുമായി 680 പോലീസ് ഉദ്യോഗസ്ഥരെയാണ് സുരക്ഷയ്ക്കായി വിന്യസിച്ചിരിക്കുന്നത്. സ്പെഷ്യൽ ഓഫീസർ എ. പ്രേം കുമാർ, അസിസ്റ്റന്റ് സ്പെഷ്യൽ ഓഫീസർ ഡിവൈഎസ്പി പി.കെ. സന്തോഷ് എന്നിവരുടെ നേതൃത്വത്തിലാണ് സന്നിധാനത്ത് പോലീസ് സേന സേവനം അനുഷ്ഠിക്കുക.

580 സിവിൽ പോലീസ് ഓഫീസർമാർ, എസ്പി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥൻ, ആറ് ഡിവൈഎസ്പിമാർ, 50 എസ്ഐ/എഎസ്ഐമാർ, 15 സിഐമാർ എന്നിവരാണ് ഇന്നലെ ചുമതലയേറ്റത് ആദ്യസംഘത്തിന്റെ കാലാവധി 15 ദിവസം പൂർത്തിയാകുമ്പോൾ പുതിയ ഉദ്യോഗസ്ഥർ ചുമതലയേൽക്കും. കേരള പോലീസിന്റെ കമാൻഡോ വിഭാഗം, സ്പെഷ്യൽ ബ്രാഞ്ച്, വയർലസ് സെൽ തുടങ്ങിയ വിഭാഗങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥർ സേവനം അനുഷ്ഠിക്കുന്നുണ്ട്.

തീർഥാടകരുടെ തിരക്ക് കൂടുന്നതനുസരിച്ച് വരും ദിവസങ്ങളിൽ ഡ്യൂട്ടിക്കെത്തുന്ന പോലീസുകാരുടെ എണ്ണത്തിലും വർധനയുണ്ടാകും. ഇതിനെല്ലാം പുറമേ സുരക്ഷാ നിരീക്ഷണത്തിന്റെ ഭാഗമായി സന്നിധാനത്ത് 76 സിസിടിവി കാമറകളും സ്ഥാപിച്ചിട്ടുണ്ട്.

# അഫ്ഗാനിസ്ഥാൻ വരൾച്ചയിൽ

കാബൂൾ: അഫ്ഗാനിസ്ഥാൻ എക്കാലത്തെയും ഗുരുതരമായി മാനുഷിക ദുരന്തമാണ് നേരിട്ടുകൊണ്ടിരിക്കുന്നതെന്ന് ഐക്യരാഷ്ട്ര സഭ. 23 ദശലക്ഷം ആളുകളാണ് പട്ടിണി മൂലം ദുരിതമനുഭവിക്കുന്നത്. വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ കണക്കുകൾ അനുസരിച്ച് , 200,00 കുട്ടികൾ പോഷകഹാര കുറവുള്ളവരാണ്. 2022 പകുതിയോടെ 97 ശതമാനം അഫ്ഗാൻ ജനതയും ദാരിദ്ര രേഖയ്ക് താഴെയാകുമെന്നാണ് യുഎൻ ഡവലപ്മെന്റ് പ്രോഗാമിന്റെ പ്രവചനം. ആഭ്യന്തര വളർച്ച 13.2 ശതമാനമായി ചുരുങ്ങുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കോവിഡ് മഹാമാരിയുടെയും വരൾച്ചയുടെയും ആഘാതത്തിൽ വലയുന്ന അഫ്ഗാനിസ്ഥാന്റെ സമ്പദ്!വ്യവസ്ഥ, താലിബാൻ ഭരണം പിടിച്ചടക്കിയതോടെ ഗുരുതരമായ പ്രതിസന്ധിയാണ് നേരിടുന്നത്. രാജ്യത്തിന്റെ 80 ശതമാനത്തിലധികം പ്രദേശങ്ങളും വരൾച്ചയിലാണ്.

താലിബാൻ ഭരണം ഏറ്റെടുത്തതോടെ ഏകദേശം 9.5 ബില്യൺ ഡോളറിന്റെ ദേശീയ സ്വത്തുക്കളാണ് മരവിപ്പിച്ചത്. ബാങ്കിങ് സംവിധാനങ്ങളും പ്രതിസന്ധിയിലാണ്. തൊഴിലെടുക്കുന്ന വലിയൊരു വിഭാഗം ആളുകൾക്ക് മാസങ്ങളായി ശമ്പളം ലഭിക്കുന്നില്ല. 2021 ജൂലൈ മുതൽ 2021 സെപ്തംബർ വരെ നഗരപ്രദേശങ്ങളിലെ സാധാരണ തൊഴിലാളികൾക്ക് ലഭ്യമായ ജോലി ദിവസങ്ങളുടെ എണ്ണത്തിൽ 50 ശതമാനം ഇടിവാണ് രേഖപ്പെടുത്തിയത്. അഫ്ഗാനിലെ വിളവെടുപ്പ് സമയത്താണ് താലിബാൻ ഭരണം പിടിച്ചടക്കുന്നത്. തുടർന്നുണ്ടായ നിർബന്ധിത കുടിയേറ്റങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷയെ സാരമായി ബാധിച്ചു. പ്രാദേശികവുമായ വിതരണ ശൃംഖലയും താലിബാൻ സൃഷ്ടിത സംഘർഷം കാരണം തടസ്സപ്പെട്ടു.

എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു സർക്കാർ രൂപീകരിക്കുന്നതിലും ആഗോള അംഗീകാരം നേടിയെടുക്കുന്നതിലുമുള്ള താലിബാന്റെ പരാജയം നിലവിലെ പ്രതിസന്ധിക്ക് ആക്കം കൂട്ടുന്നുണ്ട്. അന്താരാഷ്ട്ര സമൂഹം ആവശ്യപ്പെട്ടിട്ടും, ന്യൂനപക്ഷ സമുദായങ്ങളെയും സ്ത്രീകളെയും സർക്കാരിൽ ഉൾപ്പെടുത്താൻ താലിബാൻ തയാറായിട്ടില്ല.

# ഹയർസെക്കൻഡറി പുതിയ ബാച്ചുകൾ 23നു പ്രഖ്യാപിക്കും: മന്ത്രി വി. ശിവൻകുട്ടി

## ഈ മാസം അവസാനത്തോടെ മുഴുവൻ വിദ്യാർഥികൾക്കും പ്രവേശനം ഉറപ്പാക്കും

സംസ്ഥാനത്ത് ഉപരിപഠനത്തിന് ആഗ്രഹിക്കുന്ന മുഴുവൻ വിദ്യാർഥികൾക്കും ഈ മാസം അവസാനത്തോടെ പ്രവേശനം ഉറപ്പാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്നും ഈ മാസം 23നു പുതിയ ബാച്ചുകളുടെ പ്രഖ്യാപനമുണ്ടാകുമെന്നും പൊതു വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു.

കോവിഡിനു ശേഷം സംസ്ഥാനത്ത് ഒന്നാം വർഷ ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി ക്ലാസുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം മണക്കാട് ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ വിദ്യാർഥികളെ വരവേൽക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ഒന്നാം വർഷ ഹയർ സെക്കൻഡറി പ്രവേശനത്തിന്റെ രണ്ടാമത്തെയും മൂന്നാമത്തെയും അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർഥികളുടെ പട്ടിക ഉടൻ പ്രസിദ്ധീകരിക്കുമെന്നു മന്ത്രി പറഞ്ഞു.

ഇതിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ താലൂക്കുകളിൽ പുതിയ ബാച്ച് ആവശ്യമുണ്ടെന്നതു പരിശോധിച്ചു പുതിയ ബാച്ച് അനുവദിച്ചു പ്രവേശനം ഉറപ്പാക്കും. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ആദ്യഘട്ടത്തിൽ ആരംഭിച്ച എല്ലാ ക്ലാസുകളും സുഗമമായി നടക്കുന്നുണ്ട്.

ക്ലാസ് നടത്തിപ്പിലോ വിദ്യാർഥികളുടെ ആരോഗ്യ കാര്യത്തിലോ യാതൊരു ബുദ്ധിമുട്ടുമുണ്ടായിട്ടില്ല. കോവിഡ് മാനദണ്ഡങ്ങളും ക്ലാസ് നടത്തിപ്പിനായി സർക്കാർ പുറത്തിറക്കിയ മാർഗരേഖയും കൃത്യമായി പാലിച്ചാകും തുടർന്നും ക്ലാസുകൾ നടക്കുകയെന്നും മന്ത്രി പറഞ്ഞു.

സ്കൂളിനു മുന്നിലൊരുക്കിയ നിലവിളക്കിൽ ദീപം തെളിയിച്ചാണു സംസ്ഥാനതല പ്ലസ് വൺ പ്രവേശനോത്സവം മന്ത്രി ഉദ്ഘാടനം ചെയ്തത്. മന്ത്രിമാരായ ജി.ആർ. അനിൽ, ആന്റണി രാജു എന്നിവരും ചടങ്ങിനെത്തിയിരുന്നു.

സ്കൂളിലേക്കെത്തിയ പ്ലസ് വൺ വിദ്യാർഥിനികൾക്കു മന്ത്രിമാർ മധുരവും പുസ്തകങ്ങളും നൽകി.

തുടർന്നു ക്ലാസ് റൂമിലൊരുക്കിയ ഉദ്ഘാടന ചടങ്ങിൽ മന്ത്രിമാർ വിദ്യാർഥികളുമായി സംവദിച്ചു. മേയർ ആര്യ രാജേന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കെ. ജീവൻ ബാബു തുടങ്ങിയവരും പങ്കെടുത്തു.

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റായി കെ. അനന്തഗോപൻ സ്ഥാനമേറ്റു

## അംഗമായി അഡ്വ. മനോജ് ചരളേൽ സത്യപ്രതിജ്ഞ ചെയ്തു

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പുതിയ പ്രസിഡന്റായി അഡ്വ. കെ. അനന്തഗോപനും ബോർഡ് അംഗമായി അഡ്വ. മനോജ് ചരളേലും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

തിരുവനന്തപുരം നന്തൻകോട് ദേവസ്വം ബോർഡ് ആസ്ഥാനത്തെ കോൺഫെറൻസ് ഹാളിലായിരുന്നു സത്യപ്രതിജ്ഞ.

ദേവസ്വം സെക്രട്ടറി എസ്. ഗായത്രീ ദേവി ഇരുവർക്കും സത്യവാചകം ചൊല്ലി കൊടുത്തു. കാര്യക്ഷമമായും, ചിട്ടയോടെയും, സുതാര്യമായും ബോർഡിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുമെന്നും ബോർഡിലെ നിലവിലെ സാമ്പത്തിക സ്ഥിതി ഉൾപ്പെടെയുള്ള എല്ലാ വിഷയങ്ങളും പരിശോധിച്ച് ദേവസ്വം ബോർഡിന്റെ ഉയർച്ചക്ക് വേണ്ടതെല്ലാം ചെയ്യുമെന്നും കെ. അനന്തഗോപൻ പറഞ്ഞു.

ശബരിമല തീർത്ഥാടനത്തിന് വേണ്ട എല്ലാ സജീകരണങ്ങളും ഒരുക്കുമെന്നും പുതിയ പ്രസിഡന്റ് പറഞ്ഞു.

ഏൽപ്പിച്ച ദൗത്യം ഉത്തരവാദിത്തത്തോടെ നിറവേറ്റുമെന്ന് മനോജ് ചരളേൽ പറഞ്ഞു. എല്ലാവരുടെയും പിന്തുണ ഇരുവരും അഭ്യർത്ഥിച്ചു. ദേവസ്വം ബോർഡ് പി.ആർ.ഒ സുനിൽ അരുമാനൂർ പുതിയ നിയമനം സംബന്ധിച്ച സർക്കാർ വിജ്ഞാപനം വായിച്ചു. രണ്ടു വർഷത്തേക്കാണ് നിയമനം. ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ.അനിൽ, എം.എൽ.എ മാരായ മാത്യു ടി.തോമസ്, ജിനീഷ് കുമാർ, ദേവസ്വം ബോർഡ് അംഗം പി.എം.തങ്കപ്പൻ, ദേവസ്വം ബോർഡ് മുൻ പ്രസിഡന്റുമാരായ അഡ്വ.എൻ.വാസു, എ.പത്മകുമാർ, ദേവസ്വം ബോർഡ് മുൻ അംഗങ്ങളായ അഡ്വ.കെ.എസ്.രവി, കെ.പി.ശങ്കരദാസ്, എൻ.വിജയകുമാർ, രാഷ്ട്രീയകക്ഷി പ്രതിനിധികളായ ഉദയഭാനു, ആനാവൂർ നാഗപ്പൻ തുടങ്ങിയവർ ചടങ്ങിൽ ആശംസകൾ നേർന്നു.

ദേവസ്വം കമ്മീഷണർ ബി.എസ്.പ്രകാശ്, ദേവസ്വം ഡെപ്യൂട്ടി കമ്മീഷണർമാരായ സുധീഷ് കുമാർ, രാജേന്ദ്രപ്രസാദ് എന്നിവരും സന്നിഹിതരായിരുന്നു.

പ്രസിഡന്റിന്റെയും അംഗത്തിന്റെയും കുടുംബാംഗങ്ങളും സംബന്ധിച്ചു. സത്യപ്രതിജ്ഞാ ചടങ്ങിനു ശേഷം ആദ്യ ബോർഡ് യോഗം ചേർന്നു.



കോവിഡിനു ശേഷം സംസ്ഥാനത്ത് ഒന്നാം വർഷ ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി ക്ലാസുകൾ ആരംഭിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം മണക്കാട് ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു. പി.ആർ.പി 520 (15.11.2021)

# ലോകായുക്തയുടെ പ്രവർത്തനങ്ങളെക്കുറിച്ചു പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കണം : ഗവർണർ



ലോകായുക്തയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചു പൊതുജനങ്ങളിൽ ശക്തമായ അവബോധം സൃഷ്ടിക്കണമെന്നു ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയടക്കം ഇതിനായി തുടർച്ചയായ പ്രചാരണ പരിപാടികൾ നടത്തണമെന്നും അദ്ദേഹം പറഞ്ഞു.

കേരള ലോകായുക്ത സംഘടിപ്പിച്ച ലോകായുക്ത ദിനാചരണ പരിപാടിയിൽ മുഖ്യാതിഥിയായി പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

നിയമവാഴ്ചയും ഭരണ നിർവഹണത്തിലെ സുതാര്യതയും ഉറപ്പാക്കുന്നതിൽ ജനങ്ങളുടെ പ്രതിനിധിയായി പ്രവർത്തിക്കാൻ ലോകായുക്തയ്ക്കു കഴിയണമെന്നു ഗവർണർ പറഞ്ഞു.

പൊതുസംവിധാനങ്ങളെക്കുറിച്ചുള്ള പൊതുജനങ്ങൾക്കുള്ള ആവലാതികൾ പരിഹരിക്കുന്നതിനും അഴിമതി നിവാരണമടക്കം സംശുദ്ധ ഭരണ സംവിധാനമൊരുക്കുന്നതിനുമുള്ള ശക്തമായ ഉപാധിയാണു ലോകായുക്ത.

ഇക്കാര്യത്തിൽ കഴിഞ്ഞ രണ്ടു ദശകങ്ങളായി കേരള ലോകായുക്ത നടത്തുന്ന സേവനങ്ങൾ അഭിനന്ദനാർഹമാണ്. ജനങ്ങളുടെ പൂർണ സഹകരണത്തിലൂടെയേ ലോകായുക്ത യഥാർഥ അർഥത്തിലെത്തൂ.

ഇതു മുൻനിർത്തി ലോകായുക്തയെ പരമാവധി പ്രയോജനപ്പെടുത്താൻ പൊതുജനങ്ങൾ സന്നദ്ധരാകണമെന്നും ഗവർണർ പറഞ്ഞു.

ഏറ്റവും ചെലവു കുറഞ്ഞ രീതിയിൽ പൊതുജനങ്ങൾക്കു നിയമ സഹായം ലഭ്യമാകുന്ന ഇടമാണു ലോകായുക്തയെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ച ലോകായുക്ത ജസ്റ്റിസ് സിറിയക് ജോസഫ് ചൂണ്ടിക്കാട്ടി.

നിയമസഭ മന്ദിരത്തിലെ ബാങ്ക്വറ്റ് ഹാളിൽ നടന്ന ചടങ്ങിൽ ഉപലോകായുക്തമാരായ ജസ്റ്റിസ് ബാബു മാത്യു പി. ജോസഫ്, ജസ്റ്റിസ് ഹാറുൺ ഉൾ റാഷിദ്, കേരള ലോകായുക്ത രജിസ്ട്രാർ ഷിജു ഷെയ്ക്, സ്പെഷ്യൽ അറ്റോണി ടി.എ. ഷാജി, തിരുവനന്തപുരം ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ. എസ്.എസ്. ബാലു, കേരള ലോകായുക്ത അഡ്വക്കേറ്റ്സ് ഫോറം പ്രസിഡന്റ് അഡ്വ. ചെറുന്നിയൂർ പി. ശശിധരൻ നായർ, ലോകായുക്ത പി.ആർ.ഒ. സക്കറിയ മാത്യു എന്നിവർ പങ്കെടുത്തു.

# കുടുംബശ്രീ സംവരണ സി ഡി എസ് തെരഞ്ഞെടുപ്പിൽ വിട്ടുവീഴ്ച അരുത് : മന്ത്രി

കുടുംബശ്രീ സി ഡി എസ് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ സ്ഥാനങ്ങൾ പട്ടികജാതി, പട്ടിക വർഗ വിഭാഗങ്ങൾക്ക് റൊട്ടേഷൻ അടിസ്ഥാനത്തിൽ സംവരണം ചെയ്യുന്നകാര്യത്തിൽ വിട്ടുവീഴ്ച പാടില്ലെന്ന് തദ്ദേശ സ്വയംഭരണ, എക്സൈസ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങളിൽ 12.39 ശതമാനം പട്ടികജാതി വിഭാഗത്തിലുള്ളവരും 1.57 ശതമാനം പട്ടികവർഗ വിഭാഗത്തിലുള്ളവരുമാണ്. സി ഡി എസുകളുടെ ചെയർപേഴ്സൺമാരെ തെരഞ്ഞെടുക്കുമ്പോൾ 15 ശതമാനം പട്ടികജാതി വിഭാഗത്തിനും 5 ശതമാനം പട്ടികവർഗ വിഭാഗത്തിനും സംവരണം ചെയ്യണമെന്ന് മന്ത്രി നിർദേശിച്ചു.

സംവരണ സി ഡി എസുകളെ നിശ്ചയിക്കുമ്പോൾ റൊട്ടേഷൻ ക്രമം പാലിക്കുന്നതിനായി നിലവിൽ സംവരണത്തിലൂടെ ചെയർപേഴ്സൺമാരെ നിശ്ചയിച്ച സി ഡി എസുകളെ നറുക്കെടുപ്പിൽ നിന്നും ഒഴിവാക്കണമെന്ന് മന്ത്രി നിർദേശിച്ചു. സംവരണം നിശ്ചയിക്കുന്നതിന് ജില്ലകളിലെ സി ഡി എസുകളിലെ വോട്ടർപ്പട്ടിക പ്രകാരമുള്ള അയൽക്കൂട്ട അംഗങ്ങളുടെ എണ്ണവും പട്ടിക ജാതി, പട്ടികവർഗ വിഭാഗങ്ങളിൽ പെട്ട അയൽക്കൂട്ട അംഗങ്ങളുടെ എണ്ണവും ജില്ലാ മിഷനുകൾ മെമ്പർ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടെ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് കൈമാറണമെന്ന് മന്ത്രി പറഞ്ഞു. സംവരണ സി ഡി എസുകളിൽ 15 ശതമാനം പട്ടികജാതി വിഭാഗത്തിലുള്ള അംഗങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ ശതമാനത്തിൽ ഇളവുവരുത്തി ഏറ്റവും കൂടുതൽ പട്ടികജാതി വിഭാഗത്തിലുള്ള അംഗങ്ങളുള്ള സി ഡി എസിനെ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് സംവരണ സി ഡി എസ് ആയി നിശ്ചയിക്കാൻ അധികാരമുണ്ട്. പട്ടികവർഗ വിഭാഗത്തിന്റെ അഞ്ച് ശതമാനം സംവരണ പാലനത്തിനും ഇതേ രീതി അവലംബിക്കണമെന്ന് മന്ത്രി അറിയിച്ചു.

# മധ്യപ്രദേശിലെ ഭോപ്പാലിൽ വിവിധ റെയിൽവേ പദ്ധതികൾ പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിച്ചു

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഇന്ന് മധ്യപ്രദേശിലെ ഭോപ്പാലിൽ വിവിധ റെയിൽവേ പദ്ധതികൾ രാജ്യത്തിന് സമർപ്പിച്ചു. ഭോപ്പാലിലെ പുനർവികസിപ്പിച്ച റാണി കമലാപതി റെയിൽവേ സ്റ്റേഷൻ അദ്ദേഹം രാജ്യത്തിന് സമർപ്പിച്ചു. ഗേജ് പരിവർത്തനം ചെയ്തതും വൈദ്യുതീകരിച്ചതുമായ ഉജ്ജയിൻഫത്തേഹാബാദ് ചന്ദ്രാവതിഗഞ്ച് ബ്രോഡ് ഗേജ് സെക്ഷൻ, ഭോപ്പാൽ ബർഖേര സെക്ഷനിലെ മൂന്നാം ലൈൻ, ഗേജ് പരിവർത്തനം ചെയ്തതും വൈദ്യുതീകരിച്ചതുമായ മതേലനിമർഖേരി ബ്രോഡ് ഗേജ് സെക്ഷൻ എന്നിവയുൾപ്പെടെ മധ്യപ്രദേശിലെ റെയിൽവേയുടെ മറ്റ് നിരവധി സംരംഭങ്ങളും പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിച്ചു. വൈദ്യുതീകരിച്ച ഗുണഗ്വാളിയോർ വിഭാഗം. ഉജ്ജയിൻഇൻഡോറിനും ഇൻഡോർഉജ്ജൈനിനും ഇടയിൽ രണ്ട് പുതിയ മെമു ട്രെയിനുകളും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു. മധ്യപ്രദേശ് ഗവർണറും മുഖ്യമന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിയും ചടങ്ങിൽ പങ്കെടുത്തു. സമ്മേളനത്തെ അഭിസംബോധന ചെയ്യവേ , ഭോപ്പാലിലെ ചരിത്രപ്രധാനമായ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ചുവെന്ന് മാത്രമല്ല, റാണി കമലാപതി ജിയുടെ പേര് ചേർത്തതോടെ അതിന്റെ പ്രാധാന്യം വർദ്ധിച്ചുവെന്ന് പ്രധാനമന്ത്രി പറഞ്ഞു, ഇന്ന് ഇന്ത്യൻ റെയിൽവേയുടെ അഭിമാനവും ഗോണ്ട്വാനയുടെ അഭിമാനത്തോടൊപ്പം ചേർത്തിരിക്കുന്നു. ആധുനിക റെയിൽവേ പദ്ധതികളുടെ സമർപ്പണത്തെ മഹത്തായ ചരിത്രത്തിന്റെയും സമൃദ്ധമായ ആധുനിക ഭാവിയുടെയും സംഗമമാണെന്ന് പ്രധാനമന്ത്രി വിശേഷിപ്പിച്ചു. ജനജാതിയ ഗൗരവ് ദിവസിൽ അദ്ദേഹം ജനങ്ങളെ അഭിവാദ്യം ചെയ്യുകയും ചെയ്തു. ഈ പദ്ധതികൾ മധ്യപ്രദേശിലെ ജനങ്ങൾക്ക് ഗുണം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യ എങ്ങനെ മാറിക്കൊണ്ടിരിക്കുന്നുവെന്നും ,സ്വപ്നങ്ങൾ എങ്ങനെ യാഥാർത്ഥ്യമാകും എന്നതിന്റെ ഉദാഹരണമാണ് ഇന്ത്യൻ റെയിൽവേയെന്ന് പ്രധാനമന്ത്രി പറഞ്ഞു. '67 വർഷം മുമ്പ് വരെ, ഇന്ത്യൻ റെയിൽവേയുമായി ഇടപെടേണ്ടി വന്നവരെല്ലാം ഇന്ത്യൻ റെയിൽവേയെ ശപിച്ചു. സ്ഥിതിഗതികൾ മാറ്റുമെന്ന പ്രതീക്ഷ ജനങ്ങൾ ഉപേക്ഷിച്ചു. എന്നാൽ രാജ്യം അതിന്റെ പ്രമേയങ്ങളുടെ പൂർത്തീകരണത്തിനായി ആത്മാർത്ഥമായി അണിനിരക്കുമ്പോൾ, പുരോഗതി വരുന്നു, മാറ്റം സംഭവിക്കുന്നു, ഇത് കഴിഞ്ഞ വർഷങ്ങളായി നമ്മൾ തുടർച്ചയായി കാണുന്നു, "പ്രധാനമന്ത്രി പറഞ്ഞു.

രാജ്യത്തെ ആദ്യത്തെ ഐഎസ്ഒ സർട്ടിഫൈഡ്, ആദ്യത്തെ പിപിപി മോഡൽ അധിഷ്ഠിത റെയിൽവേ സ്റ്റേഷനാണ് രാജ്യത്തിന് സമർപ്പിച്ച റാണി കമലാപതി റെയിൽവേ സ്റ്റേഷനെന്ന് പ്രധാനമന്ത്രി പറഞ്ഞു. വിമാനത്താവളത്തിൽ ഉണ്ടായിരുന്ന സൗകര്യങ്ങൾ ഇപ്പോൾ റെയിൽവേ സ്റ്റേഷനിൽ ലഭ്യമാണ്.

ആധുനിക അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണത്തിനായി ഇന്നത്തെ ഇന്ത്യ റെക്കോർഡ് നിക്ഷേപം നടത്തുക മാത്രമല്ല, പദ്ധതികൾ കാലതാമസം വരുത്താതിരിക്കാനും തടസ്സങ്ങളൊന്നും ഉണ്ടാകാതിരിക്കാനും അത് ഉറപ്പാക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. അടുത്തിടെ ആരംഭിച്ച പ്രധാനമന്ത്രി ഗതിശക്തി ദേശീയ മാസ്റ്റർ പ്ലാൻ ഈ ഉറപ്പ് നിറവേറ്റാൻ രാജ്യത്തെ സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. റെയിൽവേ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പോലും രൂപരേഖയിൽ നിന്ന് നടപ്പിൽ വരുത്താൻ വർഷങ്ങളെടുത്ത ഒരു കാലമുണ്ടായിരുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. എന്നാൽ ഇന്ന് ഇന്ത്യൻ റെയിൽവേ പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും അവ കൃത്യസമയത്ത് പൂർത്തിയാക്കുന്നതിലും അടിയന്തര ശ്രദ്ധ കാണിക്കുന്നു.

ഇന്ത്യൻ റെയിൽവേ ദൂരങ്ങളെ ബന്ധിപ്പിക്കുന്നതിനുള്ള ഒരു മാധ്യമം മാത്രമല്ല, രാജ്യത്തിന്റെ സംസ്കാരം, രാജ്യത്തിന്റെ വിനോദസഞ്ചാരം, തീർത്ഥാടനം എന്നിവയെ ബന്ധിപ്പിക്കുന്നതിനുള്ള ഒരു പ്രധാന മാധ്യമമായി മാറുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. സ്വാതന്ത്ര്യം ലഭിച്ച് പതിറ്റാണ്ടുകൾക്ക് ശേഷം ഇതാദ്യമായാണ് ഇന്ത്യൻ റെയിൽവേയുടെ ഈ സാധ്യതകൾ ഇത്രയും വലിയ തോതിൽ ആരായുന്നത്. നേരത്തെ വിനോദസഞ്ചാരത്തിനായി റെയിൽവേ ഉപയോഗിച്ചാലും അത് പ്രീമിയം ക്ലബ്ബിൽ ഒതുങ്ങിയിരുന്നു. വിനോദസഞ്ചാരത്തിന്റെയും തീർത്ഥാടനത്തിന്റെയും ആത്മീയാനുഭവം സാധാരണക്കാരന് ആദ്യമായാണ് ന്യായമായ വിലയിൽ നൽകുന്നത്. രാമായൺ സർക്യൂട്ട് ട്രെയിൻ അത്തരത്തിലുള്ള ഒരു നൂതന ശ്രമമാണ്.

മാറ്റത്തിന്റെ വെല്ലുവിളി സ്വീകരിക്കുന്നതിനും ഏറ്റെടുക്കുന്നതിനും റെയിൽവേയെ അദ്ദേഹം അഭിനന്ദിച്ചു.

# നിയന്ത്രണം വിട്ട് പാഞ്ഞ ബസ് 13 വാഹനങ്ങൾ ഇടിച്ചുതകർത്തു

കൊച്ചി: സ്വകാര്യബസ് നിയന്ത്രണംവിട്ട് പാഞ്ഞുണ്ടായ അപകടത്തിൽ നിരവധി പേർക്ക് പരിക്കേറ്റു. എറണാകുളം ഫൈ ൻ ആർട്സ് ഹാളിന് സമീപത്ത് ഇന്നലെ രാവിലെ 10.30ഓടെയാണ് സംഭവം. നിയന്ത്രണം നഷ്ടപ്പെട്ട ബസ് കാറുകളടക്കം 13 വാഹനങ്ങൾ ഇടിച്ചു തകർത്താണ് നിന്നത്.

അപകടത്തിൽ പരിക്കേറ്റവരെ സമീപത്തെ എറണാകുളം ജനറൽ ആശുപത്രിയിലും സമീപത്തെ സ്വകാര്യ ആശുപത്രിയിലും പ്രവേശിപ്പിച്ചു. അശ്രദ്ധമായി വാഹനം ഓടിച്ചതിന് ഡ്രൈവർക്കെതിരെ എറണാകുളം സെൻട്രൽ പൊലീസ് കേസെടുത്തു. സ്ഥലത്തെത്തിയ ഗതാഗത വകുപ്പ് ഉദ്യോഗസ്ഥർ ബസിൽ പരിശോധന നടത്തി. യാത്രയ്ക്കിടെ ബസിന്റെ ബ്രേക്ക് പെഡൽ ഒടിഞ്ഞതാണ് അപകടകാരണമെന്ന് കണ്ടെത്തിയിട്ടുണ്ട്.

ഇടക്കൊച്ചിയിൽ നിന്ന് കാക്കനാട്ടേയ്ക്ക് പോവുകയായിരുന്നബസാണ് അപകടമുണ്ടാക്കിയത്. വാഹനങ്ങളെ വേഗത്തിൽ മറികടക്കുന്നതിനിടയിലാണ് ബ്രേക്ക് തകരാറിലായത്. മുന്നിൽ സഞ്ചരിച്ച കാറിലേയ്ക്ക് ആദ്യം ഇടിച്ച ബസ് പിന്നീട് ഓട്ടോറിക്ഷയും ഇരുവശത്തുമായി പാർക്ക് ചെയ്തിരുന്ന മറ്റ് വാഹനങ്ങളും തകർത്ത് സമീപത്തെ മരത്തിൽ ഇടിച്ചു നിൽക്കുകയായിരുന്നു.

കാറിലുണ്ടായിരുന്ന പ്രായമായ രണ്ട് സ്ത്രീകൾക്കും മുൻപിൽ ഓട്ടോറിക്ഷയിൽ സഞ്ചരിക്കുകയായിരുന്ന യുവതികൾ ഉൾപ്പെടെയുള്ളവർക്കുമാണ് പരിക്കേറ്റത്. ബസിന്റെ ഇടിയുടെ ആഘാതത്തിൽ ഓട്ടോറിക്ഷ റോഡിലേയ്ക്ക് മറിഞ്ഞാണ് യുവതികൾക്ക് പരിക്കേറ്റത്. ഇവരെ എറണാകുളം ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കാലിന് സാരമായ പരിക്കേറ്റ ഒരു സ്ത്രീയെ അടിയന്തര ശസ്ത്രക്രിയക്കായി ലേക്ഷോർ ആശുപത്രിയിലേയ്ക്ക് മാറ്റി. ബസിന്റെ ഇടിയേറ്റ വാഹനങ്ങൾക്കെല്ലാം സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

# നിരവധി സുപ്രധാനസംരംഭങ്ങൾക്കു തുടക്കംകുറിച്ചു പ്രധാനമന്ത്രി

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ജൻജാതീയ ഗൗരവ് ദിവസ മഹാസമ്മേളനത്തിൽ ജൻജാതീയവിഭാഗത്തിന്റെ ക്ഷേമത്തിനായുള്ള നിരവധി സുപ്രധാനസംരംഭങ്ങൾക്കു തുടക്കംകുറിച്ചു. മധ്യപ്രദേശിൽ 'റേഷൻ ആപ്കെ ഗ്രാം' പദ്ധതിക്കും പ്രധാനമന്ത്രി തുടക്കംകുറിച്ചു. മധ്യപ്രദേശ് സിക്കിൾ സെൽ ദൗത്യത്തിനും പ്രധാനമന്ത്രി തുടക്കമിട്ടു. രാജ്യത്തുടനീളമുള്ള 50 ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കും അദ്ദേഹം തറക്കല്ലിട്ടു. മധ്യപ്രദേശിലെ ഗവർണറും മുഖ്യമന്ത്രിയും, ഡോ. വീരേന്ദ്ര കുമാർ, ശ്രീ നരേന്ദ്ര സിംഗ് തോമർ, ശ്രീ ജ്യോതിരാദിത്യ എം സിന്ധ്യ, കേന്ദ്ര സഹമന്ത്രിമാരായ ശ്രീ പ്രഹ്ലാദ് എസ് പട്ടേൽ, ശ്രീ ഫഗ്ഗൻ സിംഗ് കുലസ്തെ, ഡോ. എൽ മുരുകൻ എന്നിവർ പങ്കെടുത്തു.

ഇന്ത്യ തങ്ങളുടെ ആദ്യത്തെ ജൻജാതീയ ഗൗരവ് ദിവസം ആഘോഷിക്കുകയാണെന്നു സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു. "സ്വാതന്ത്ര്യം ലഭിച്ച ശേഷം, രാജ്യത്താദ്യമായാണ്, ഇത്ര വലിയതോതിൽ, രാജ്യത്തെ മുഴുവൻ ഗിരിവർഗസമൂഹത്തിന്റെയും കലാസംസ്കാരികപ്രവർത്തനങ്ങളെയും, സ്വാതന്ത്ര്യപ്രസ്ഥാനത്തിനും രാഷ്ട്രനിർമ്മാണത്തിനും അവർ നൽകിയ സംഭാവനകളെയും സ്മരിക്കുകയും അഭിമാനത്തോടെ ആദരിക്കുകയും ചെയ്യുന്നത്." അദ്ദേഹം പറഞ്ഞു. ഗിരിവർഗസമാജവുമായുള്ള തന്റെ ദീർഘകാല ബന്ധം പരാമർശിച്ച്, അവരുടെ ജീവിതത്തിലെ ആത്മീയസാംസ്കാരിക സമ്പന്നതയെ പ്രധാനമന്ത്രി പ്രശംസിച്ചു. പാട്ടുകളും നൃത്തങ്ങളും ഉൾപ്പെടെ ഗിരിവർഗത്തിന്റെ എല്ലാ സാംസ്കാരികവശങ്ങളും ഒരു ജീവിതപാഠം ഉൾക്കൊള്ളുന്നുവെന്നും അവർക്ക് ഒരുപാട് കാര്യങ്ങൾ പഠിപ്പിക്കാനുണ്ടെന്നും അദ്ദേഹം പറഞ്ഞു.

സ്വാതന്ത്ര്യസമരത്തിൽ ധീരരായ ഗിരിവർഗപ്പോരാളികളുടെ പ്രചോദനാത്മകമായ കഥകൾ രാജ്യത്തിനുമുമ്പാകെ എത്തിക്കുകയും അവരെ പുതുതലമുറയ്ക്കു പരിചയപ്പെടുത്തുകയുംചെയ്യേണ്ടതു നമ്മുടെ കടമയാണെന്നു പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു. അടിമത്തത്തിന്റെ കാലത്ത്, ഖാസിഗാരോ പ്രസ്ഥാനം, മിസോ പ്രസ്ഥാനം, കോൾ പ്രസ്ഥാനം എന്നിങ്ങനെ നിരവധി പോരാട്ടങ്ങളാണു വിദേശഭരണത്തിനെതിരെ നടന്നത്. 'ഗോണ്ട് മഹാറാണി വീരദുർഗാവതിയുടെ ധീരതയാകട്ടെ, മറിച്ച്, റാണി കമലാപതിയുടെ ത്യാഗമാകട്ടെ; അതൊന്നും രാജ്യത്തിനു മറക്കാൻ കഴിയുന്നതല്ല. തോളോടുതോൾചേർന്നു പോരാടുകയും ത്യാഗങ്ങൾ സഹിക്കുകയുംചെയ്ത ധീരരായ ഭീലുകളെ ഒഴിവാക്കി വീര മഹാറാണാപ്രതാപിന്റെ പോരാട്ടം സങ്കൽപ്പിക്കാനാകില്ല," പ്രധാനമന്ത്രി പറഞ്ഞു.

വരുംതലമുറകളെ ഛത്രപതി ശിവാജി മഹാരാജുമായി ബന്ധിപ്പിക്കുന്നതിൽ ശിവഷാഹിർ ബാബാസാഹെബ് പുരന്ദരെ നൽകിയ സംഭാവനകളും പ്രധാനമന്ത്രി അനുസ്മരിച്ചു. ശിവഷാഹിർ ബാബാസാഹേബ് പുരന്ദരെ ഇന്നുരാവിലെയാണ് അന്തരിച്ചത്. പ്രമുഖ ചരിത്രകാരനു പ്രധാനമന്ത്രി ആദരാഞ്ജലികൾ അർപ്പിക്കുകയുംചെയ്തു. ബാബാസാഹേബ് പുരന്ദരെജി രാജ്യത്തിനുമുന്നിലെത്തിച്ച ഛത്രപതി ശിവജി മഹാരാജാവിന്റെ ആദർശങ്ങൾ, ആ ആദർശങ്ങൾ നമ്മെ തുടർച്ചയായി പ്രചോദിപ്പിച്ചുകൊണ്ടേയിരിക്കും. ബാബാസാഹേബ് പുരന്ദരെ ജിക്ക് ഞാൻ മനസ്സുനിറഞ്ഞ ആദരാഞ്ജലികൾ അർപ്പിക്കുന്നു പ്രധാനമന്ത്രി പറഞ്ഞു.

രാഷ്ട്രനിർമ്മാണത്തിൽ ഗിരിവർഗസമൂഹത്തിന്റെ പങ്കിനെക്കുറിച്ചു ദേശീയവേദികളിൽ ഇന്നു ചർച്ചചെയ്യുമ്പോൾ ചിലർ ആശ്ചര്യപ്പെടുകയാണ്. ഇന്ത്യയുടെ സംസ്കാരത്തെ ശക്തിപ്പെടുത്തുന്നതിൽ ഗിരിവർഗസമൂഹം എത്രമാത്രം സംഭാവന ചെയ്തിട്ടുണ്ട് എന്ന് ഇത്തരക്കാർക്കു മനസ്സിലാകുന്നില്ല. ഗിരിവർഗസമൂഹത്തിന്റെ സംഭാവന ചിലപ്പോൾ രാജ്യത്തോട് പറയാതിരുന്നിട്ടുണ്ടാകം. അതല്ലെങ്കിൽ പറഞ്ഞാൽ പോലും വളരെ പരിമിതമായതോതിൽ വിവരങ്ങൾ നൽകിയിരിക്കാം. അതാണ് ഈയവസ്ഥയ്ക്കു കാരണം.

"സ്വാതന്ത്ര്യത്തിനുശേഷം പതിറ്റാണ്ടുകളോളം രാജ്യത്തു ഭരണംനടത്തിയവർ തങ്ങളുടെ സ്വാർത്ഥരാഷ്ട്രീയത്തിന് മുൻഗണന കൊടുത്തതിനാലാണ് ഇത് സംഭവിച്ചത്" ശ്രീ മോദി പറഞ്ഞു.

പാവപ്പെട്ടവർക്കു വീടുകൾ, ശുചിമുറികൾ, സൗജന്യ വൈദ്യുതിപാചകവാതകകണക്ഷനുകൾ, സ്കൂൾ, റോഡ്, സൗജന്യചികിത്സ തുടങ്ങിയ സൗകര്യങ്ങൾ രാജ്യത്തിന്റെ മറ്റുഭാഗങ്ങളിൽ ലഭിക്കുന്ന അതേവേഗതയിൽ ഗിരിവർഗമേഖലകളിലും ഇന്നു ലഭിക്കുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ ക്ഷേമപദ്ധതികളിലും, ഉയർന്ന അനുപാതത്തിൽ ഗിരിവർഗജനസംഖ്യയുള്ള, വികസനം കാംക്ഷിക്കുന്ന ജില്ലകൾക്കാണു മുൻഗണന നൽകുന്നതെന്നു പ്രധാനമന്ത്രി പറഞ്ഞു. സമ്പത്തിന്റെയും വിഭവങ്ങളുടെയും കാര്യത്തിൽ രാജ്യത്തെ ഗിരിവർഗമേഖല എന്നും സമ്പന്നമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. എന്നാൽ, "നേരത്തെ ഗവൺമെന്റിന്റെ ഭാഗമായിരുന്നവർ ഈ മേഖലകളെ ചൂഷണം ചെയ്യുന്ന നയമാണ് പിന്തുടർന്നത്. ഈ മേഖലകളുടെ സാധ്യതകൾ ശരിയായി വിനിയോഗിക്കുക എന്ന നയമാണു ഞങ്ങൾ പിന്തുടരുന്നത്", അദ്ദേഹം പറഞ്ഞു. വനനിയമങ്ങളിൽ മാറ്റംവരുത്തി ഗിരിവർഗസമൂഹത്തിനു വനവിഭവങ്ങൾ ലഭ്യമാക്കിയതെങ്ങനെയെന്നും അദ്ദേഹം വിവരിച്ചു.

പത്മപുരസ്കാരങ്ങൾ അടുത്തിടെയാണു നൽകിയതെന്നു പ്രധാനമന്ത്രി പറഞ്ഞു. ഗിരിവർഗമേഖലയിൽ നിന്നുള്ള പുരസ്കാരജേതാക്കൾ രാഷ്ട്രപതി ഭവനിൽ എത്തിയപ്പോൾ ലോകം ഞെട്ടി. ഗിരിവർഗഗ്രാമീണ സമൂഹത്തിൽ പ്രവർത്തിക്കുന്നവരാണു രാജ്യത്തിന്റെ യഥാർത്ഥ രത്നങ്ങളെന്ന് അദ്ദേഹം പ്രശംസിച്ചു. ഇന്ന്, ഗിരിവർഗവിഭാഗത്തിലെ കരകൗശല വിദഗ്ധരുടെ ഉൽപ്പന്നങ്ങൾ ദേശീയതലത്തിലും ആഗോളതലത്തിലും പ്രോത്സാഹിപ്പിക്കപ്പെടുന്നു. നേരത്തെയുണ്ടായിരുന്ന 810 വിളകളെ അപേക്ഷിച്ച് നിലവിൽ 90ലധികം വനവിഭവങ്ങൾക്ക് എംഎസ്പി നൽകുന്നു. ഇത്തരം ജില്ലകൾക്കായി 150ലധികം മെഡിക്കൽ കോളേജുകൾക്കു അംഗീകാരം നൽകി.

2500ലധികം വൻധൻ വികാസ് കേന്ദ്രങ്ങൾ 37,000ലധികം സ്വയംസഹായസംഘങ്ങളുമായി ബന്ധിപ്പിച്ചിട്ടുണ്ട്. അത് 7 ലക്ഷം തൊഴിലവസരമുറപ്പാക്കുന്നു. 20 ലക്ഷം ഭൂമി 'പട്ടയങ്ങൾ' നൽകുകയും ഗിരിവർഗ യുവാക്കളുടെ നൈപുണ്യത്തിനും വിദ്യാഭ്യാസത്തിനും ശ്രദ്ധയേകുകയും ചെയ്തു. കഴിഞ്ഞ 7 വർഷത്തിനുള്ളിൽ 9 പുതിയ ട്രൈബൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകൾ കൂട്ടിച്ചേർത്തു. പുതിയ വിദ്യാഭ്യാസനയത്തിൽ മാതൃഭാഷയ്ക്ക് ഊന്നൽ നൽകുന്നതു ഗിരിവർഗക്കാരെ സഹായിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

# ഇന്ന് 4547 പേർക്ക് കോവിഡ്; പരിശോധിച്ചത് 50,638 സാമ്പിളുകൾ



തിരുവനന്തപുരം: കേരളത്തിൽ ഇന്ന് 4547 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. തിരുവനന്തപുരം 709, എറണാകുളം 616, കോഴിക്കോട് 568, തൃശൂർ 484, കൊല്ലം 474, കണ്ണൂർ 371, കോട്ടയം 226, ഇടുക്കി 203, പാലക്കാട് 176, പത്തനംതിട്ട 175, ആലപ്പുഴ 172, വയനാട് 168, മലപ്പുറം 159, കാസർഗോഡ് 46 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 50,638 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജജഞ) പത്തിന് മുകളിലുള്ള 39 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 46 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 2,22,466 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 2,17,083 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും 5383 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 325 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 64,738 കോവിഡ് കേസുകളിൽ, 7 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 57 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ സുപ്രീംകോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 70 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 35,877 ആയി. ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 12 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 4234 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 274 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 27 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 6866 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 959, കൊല്ലം 439, പത്തനംതിട്ട 18, ആലപ്പുഴ 338, കോട്ടയം 487, ഇടുക്കി 476, എറണാകുളം 1134, തൃശൂർ 781, പാലക്കാട് 284, മലപ്പുറം 377, കോഴിക്കോട് 792, വയനാട് 286, കണ്ണൂർ 394, കാസർഗോഡ് 101 എന്നിങ്ങനേയാണ് രോഗമുക്തിയായത്. ഇതോടെ 64,738 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 49,64,375 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

# പകർച്ച രോഗങ്ങൾക്കെതിരെ ജാഗ്രത വേണം ഡി. എം. ഒ

മഴ തുടരുന്ന സാഹചര്യത്തിൽ പകർച്ചരോഗ സാധ്യത ഏറിയെന്നും എല്ലാവരും അതീവ ജാഗ്രത പാലിക്കണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ മുന്നറിയിപ്പ് നൽകി. വയറിളക്ക രോഗങ്ങൾ പ്രതിരോധിക്കാൻ തിളപ്പിച്ചാറിയ വെള്ളം മാത്രം ഉപയോഗിക്കണം. ജലസ്രോതസുകൾ ക്ലോറിനേറ്റ് ചെയ്യണം. 21 മുതൽ എല്ലാ സ്രോതസുകളും വകുപ്പിന്റെ നേതൃത്വത്തിൽ ക്ലോറിനേറ്റ് ചെയ്യും.

ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി വെള്ളക്കെട്ടിൽ ഇറങ്ങുന്നവർക്ക് എലിപ്പനി പിടിപെടാനും സാധ്യതയുണ്ട്. പ്രതിരോധ മരുന്നായ ഡോക്സിസൈക്ലിൻ പ്രാഥമിക/സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക്ജില്ലാ ആശുപത്രികൾ, എന്നിവടങ്ങളിൽ സൗജന്യമായി ലഭ്യമാണ്. വെള്ളക്കെട്ട് പ്രദേശങ്ങളിലുള്ളവർക്കും ദുരിതാശ്വാസ പ്രവർത്തകർക്കുമായി ഇന്ന് (നവംബർ 16) മുതൽ 18 വരെ ഗുളിക വിതരണത്തിന് പ്രത്യേക സജ്ജീകരണം ഏർപ്പെടുത്തി.

കൊതുകിന്റെ ഉറവിട നശീകരണവും സുപ്രധാനമാണ്. മഴ കുറയുന്ന സാഹചര്യത്തിൽ ഇതിനായുള്ള പ്രവർത്തനം ഊർജ്ജിതമാക്കും. ആഴ്ചയിൽ ഒരു ദിവസം ഡ്രൈ ഡേ ആചരിക്കണം. പനി ലക്ഷണം കണ്ടാൽ സ്വയം ചികിത്സ നടത്താതെ വിദഗ്ധ സഹായം തേടണം എന്നും ഡി. എം. ഒ അറിയിച്ചു.



ദേവസ്വം മന്ത്രി കെ. രാധാകൃഷ്ണൻ, ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ, അഡ്വ. കെ.യു. ജനീഷ് കുമാർ എംഎൽഎ എന്നിവർ ശബരിമല സന്നിധാനത്തെ വലിയനടപ്പന്തലിൽ എത്തിയപ്പോൾ.

# കെറെയിൽ സംസ്ഥാനത്തിന് ഒഴിച്ചുകൂടാനാവാത്ത പദ്ധതി : മുഖ്യമന്ത്രി

കെറെയിൽ കേരളത്തിന്റെ ഭാവിക്കുവേണ്ടിയുള്ള പ്രധാന പദ്ധതിയെന്നു കണ്ട് പിന്തുണ നൽകണമെന്ന് പാർലമെന്റ് ശീതകാല സമ്മേളനത്തിന് മുന്നോടിയായി ചേർന്ന എം.പിമാരുടെ സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അഭ്യർത്ഥിച്ചു. സംസ്ഥാനത്തിന് ഒഴിച്ചുകൂടാനാവാത്ത പദ്ധതിയാണിത്. നാടിന്റെ വികസനത്തിന് പ്രധാന പങ്ക് വഹിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ചിലർക്കുണ്ടായ സംശയങ്ങൾ ദൂരീകരിക്കുമെന്ന് മുഖ്യമന്ത്രി യോഗത്തിൽ പറഞ്ഞു.

പ്രദേശങ്ങളെ അടിസ്ഥാനമാക്കി കൂടുതൽ മുന്നറിയിപ്പ് നൽകാനുള്ള സാങ്കേതിക സംവിധാനത്തോടെ കാലാവസ്ഥാ പ്രവചനം സാധ്യമാക്കണം.

വയനാട്, കോഴിക്കോട് അതിർത്തിയിൽ ഒരു ഡോപ്ലർ റഡാർ സ്ഥാപിക്കണമെന്ന ദീർഘകാല ആവശ്യം കേന്ദ്രം പരിഗണിക്കണം.

നിലവിലുള്ള രണ്ട് റഡാറുകളും മുഴുവൻ സമയവും സംസ്ഥാനത്തിന് വിവരങ്ങൾ നൽകുന്ന രീതിയിൽ സജ്ജീകരിക്കണം.

ജില്ലാതലത്തിൽ കാലാവസ്ഥാ വിദഗ്ധരുടെ സേവനം ലഭ്യമാക്കണം. ചുഴലിക്കാറ്റ് മുന്നറിയിപ്പ് സംവിധാനം കാര്യക്ഷമമാക്കണം. നാടിന്റെ വികസനക്ഷേമ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകാൻ പറ്റുന്ന തരത്തിൽ എംപിമാർ ഇടപെടണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാനങ്ങളുടെ അധികാരങ്ങൾക്കുമേൽ തുടർച്ചയായ കടന്നുകയറ്റം ഉണ്ടാകുന്നു. സംസ്ഥാന താത്പര്യങ്ങൾ കേന്ദ്രം പരിഗണിക്കുന്നില്ല. രാജ്യത്തിന്റെ പൊതുവായ സാമ്പത്തിക വിഭവങ്ങളിൽ സംസ്ഥാനങ്ങൾക്കുള്ള അവകാശം പരിമിതപ്പെടുത്തുന്നു. വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് ഇത് തടസ്സമുണ്ടാക്കുന്നു.

ജനാധിപത്യവ്യവസ്ഥയെ തന്നെ ദോഷകരമായി ബാധിക്കുന്ന സാഹചര്യമുണ്ടാവുന്നു. കേന്ദ്ര ഭരണകക്ഷി നേതൃത്വം കൊടുക്കുന്ന സംസ്ഥാനങ്ങൾ പോലും ഇത്തരം പ്രശ്നങ്ങൾ ഉന്നയിക്കുകയാണ്. ജി എസ് ടി കുടിശ്ശിക, വാക്സിനേഷൻ ഉത്തരവാദിത്വം എന്നിവ കേന്ദ്രം ഏറ്റെടുത്തത് നമ്മുടെ കൂട്ടായ ശ്രമഫലമായാണ്. ഭക്ഷ്യധാന്യ പ്രശ്നം, റബ്ബർ വിലസ്ഥിരത, തീരസംരക്ഷണം, പ്രവാസി പുനരധിവാസപ്രശ്നം എന്നിവയെല്ലാം കേന്ദ്രത്തിന് നേരിട്ട് ഉത്തരവാദിത്വമുള്ള വിഷയങ്ങളാണ്. ഇതിലൊക്കെ സംസ്ഥാന താത്പര്യം വേണ്ടവിധം പരിഗണിക്കുന്നില്ല. വികസനപ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് അടിസ്ഥാന സൗകര്യമേഖലയിൽ കേന്ദ്രവും സംസ്ഥാനവും പരസ്പരം സഹകരിച്ചുപോകൽ വളരെ പ്രധാനമാണ്. ചില മേഖലകളിൽ സഹകരണമുണ്ട്. അത് വ്യാപിപ്പിക്കാൻ എം.പിമാർ ശ്രമിക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാനങ്ങൾക്കുള്ള ജി എസ് ടി നഷ്ടപരിഹാരം 2022 ജൂലായ്ക്കു ശേഷവും തുടർന്നുള്ള അഞ്ച് വർഷങ്ങളിലും ലഭിക്കണം. സാമൂഹികവും ഭൗതികവുമായ അടിസ്ഥാന സൗകര്യമേഖലകളിലൂന്നി മൂലധന ചിലവ് വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത സംസ്ഥാനം നേരിടുന്ന വെല്ലുവിളികളിലൊന്നാണ്. വിദേശസഹായത്തോടെയുള്ള പദ്ധതികൾക്കായുള്ള കടമെടുപ്പ് എഫ്.ആർ.ബി.എം. നിയമപ്രകാരം സംസ്ഥാനത്തിനു നിശ്ചയിച്ചിട്ടുള്ള വായ്പാപരിധിക്കു പുറത്ത് അനുവദിക്കണം. 15ാം ധനകാര്യകമ്മീഷൻ കേരളത്തിന് സെക്ടറൽ സ്പെസിഫിക് ഗ്രാന്റായി 2,412 കോടി രൂപയും സ്റ്റേറ്റ് സ്പെസിഫിക് ഗ്രാൻറായി 1,100 കോടി രൂപയും ശുപാർശ ചെയ്തിട്ടുണ്ട്.

തുക ലഭ്യമാക്കാൻ ഇടപെടണം. ദുരന്തനിവാരണ ഫണ്ടിൽ നിന്നും സംസ്ഥാനങ്ങൾക്ക് ചിലവഴിക്കാനുള്ള നിബന്ധനകൾ പരമാവധി ഒഴിവാക്കി ചട്ടങ്ങൾ ലഘൂകരിക്കണമെന്ന് നേരത്തെ ആവശ്യപ്പെട്ടതാണ്.

നിർദ്ദിഷ്ട തുറമുഖ ബിൽ, വൈദ്യുതി ബിൽ എന്നിവയിൽ ആശങ്ക കേരളത്തിനുണ്ട്. സമാവർത്തി വിഷയങ്ങളിൽ നിയമനിർമ്മാണം നടത്തുമ്പോൾ സംസ്ഥാനങ്ങളുമായി ഔപചാരിക കൂടിയാലോചന നടത്തണം. കോവിഡ് പശ്ചാത്തലത്തിൽ പ്രവാസി പുനരധിവാസത്തിന് സാമ്പത്തിക സഹായം അനുവദിക്കണം. പ്രവാസികൾക്ക് ലഭിക്കേണ്ട ശമ്പളകുടിശ്ശിക, സേവനാനന്തര ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കേന്ദ്ര സർക്കാർ അടിയന്തിരമായി ഇടപെടണം.

തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്കുള്ള ഭരണാനുമതി 2021 ഫെബ്രുവരി 11 ന് സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ അനുമതി ത്വരിതപ്പെടുത്താൻ എംപിമാർ ശ്രമിക്കണം. ശബരി റെയിൽപദ്ധതി പുനരുജ്ജീവിപ്പിക്കാൻ ഇടപെടണം.

കാഞ്ഞങ്ങാട് കാണിയൂർ റെയിൽപാതയുടെ മൊത്തം ചിലവിന്റെ 50 ശതമാനം കേരളം വഹിക്കുമെന്ന് അറിയിച്ചതാണ്. പാത യാഥാർത്ഥ്യമാക്കാൻ ഇടപെടണം. കാക്കനാട് മെട്രോ റെയിൽ എക്സ്റ്റൻഷന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം കാത്തിരിക്കുകയാണ്. കോഴിക്കോട് വിമാനത്താവളം വികസനത്തിനുള്ള സ്ഥലമെടുപ്പ്, വലിയ വിമാനങ്ങൾ ഇറക്കൽ എന്നീ കാര്യങ്ങളിൽ ഒന്നിച്ചു നീങ്ങണം. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ വിദേശ വിമാനക്കമ്പനികളുടെ സർവീസുകൾ അടിയന്തിരമായി അനുവദിക്കണം.

ബേക്കൽ എയർസ്ട്രിപ്പിനുള്ള അനുമതിയും തേടണം. തലസ്ഥാന നഗരിയുമായി ബന്ധപ്പെട്ട് പാരിപ്പള്ളി വിഴിഞ്ഞം ഔട്ടർ റിങ് റോഡിന് ഭാരത്മാല ഫെയ്സ് 1 ൽ ഉൾപ്പെടുത്തി അനുമതി നൽകണമെന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിക്ക് ദേശീയപാതാ അതോറിറ്റി നേരത്തെ നൽകാൻ തയ്യാറായിരുന്ന 50 ശതമാനം ഓഹരി നൽകണം.

കിനാനൂരിൽ നിർദ്ദിഷ്ട എയിംസ് സ്ഥാപിക്കുന്നതിന് 200 ഏക്കർ സ്ഥലം ഏറ്റെടുക്കുന്ന നടപടി പുരോഗമിക്കുകയാണ്. എയിംസിന് അനുമതി ലഭ്യമാക്കാൻ ഇടപെടണം.

കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലും സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പാക്കാൻ ആവശ്യമായ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തണം. പ്രകൃതിദുരന്തം മൂലം തകർന്ന റോഡുകൾക്ക് അനുവദിക്കുന്ന ധനസഹായം അപര്യാപ്തമാണ്. അതിനാൽ ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു. യോഗത്തിൽ എം.പി.മാർക്ക് പുറമെ മന്ത്രിമാർ, ചീഫ് സെക്രട്ടറി, വിവിധ വകുപ്പ് സെക്രട്ടറിമാർ പങ്കെടുത്തു.

# നിർമ്മാണ സാമഗ്രികൾക്ക് വില വീണ്ടും വർദ്ധിച്ചു

ചങ്ങനാശേരി: നിർമ്മാണമേഖലയിലെ സാമഗ്രികൾക്ക് വില വീണ്ടും വർദ്ധിച്ചതോടെ കരാറുകാരും സാധാരണക്കാരും കനത്ത പ്രതിസന്ധിയിൽ. ക്വാറി ഉൽപ്പന്നങ്ങൾക്കും ലഭ്യതക്കുറവ് നേരിടുന്ന സ്ഥിതിയാണ്.

സാധനങ്ങളുടെ വില വർദ്ധിച്ചതോടെ നിർമ്മാണ പ്രവർത്തനങ്ങൾ കുറയുകയും ദിവസ വേതന തൊഴിലാളികൾക്ക് ജോലി ഇല്ലാതാകുകയും ചെയ്യുന്ന സ്ഥിതിയാണ്. ജി എസ് ടിയും ലോക്ക് ഡൗണും എത്തിയതോടെയാണ് മേഖലയിൽ പ്രതിസന്ധി രൂക്ഷമായി തുടങ്ങിയത്. അറ്റകുറ്റപ്പണി നിർമ്മാണപ്രവർത്തനങ്ങൾ ഇല്ലാതായതോടെ ദിവസവേതന തൊഴിലാളികൾ മറ്റ് തൊഴിലിനെ ആശ്രയിക്കേണ്ട സ്ഥിതിയാണ്.

കെട്ടിട നിർമ്മാണത്തിന് ആവശ്യമായ കരിങ്കല്ല്, മെറ്റിൽ, പാറപ്പൊടി, സിമന്റ്, കമ്പി, കട്ട തുടങ്ങി എല്ലാ നിർമാണ സാമഗ്രികൾക്കും വലിയ വില വ്യത്യാസമാണ് ഉണ്ടായത്. മെറ്റിൽ, എംസാൻഡ്, തുടങ്ങിയവയ്ക്കും വില വർദ്ധിച്ചു.

ഇന്ധനവില കൂടി കുതിച്ചുയർന്നതോടെയാണ് എല്ലാ നിർമാണ സാമഗ്രികൾക്കും വില വർധിച്ചതെന്നാണ് വ്യാപാരികളടക്കം പറയുന്നത്. ഇതിന് പുറമെ കിലോമീറ്റർ അനുസരിച്ച് ലോറി വാടകയും കൂടി. സാധനങ്ങളുടെ വില ഉയർന്നതോടെ കരാർ ഉറപ്പിച്ച തുകയ്ക്ക് പോലും ഏറ്റെടുത്ത നിർമാണം പൂർത്തിയാക്കാൻ കഴിയില്ലെന്നാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നവർ പറയുന്നത്. നിർമാണം ആരംഭിച്ച കെട്ടിടങ്ങൾ പൂർത്തിയാക്കാനും പുതിയ നിർമാണ ജോലികൾ ആരംഭിക്കാനും സാധിക്കാതെ ദുരിതത്തിലായിരിക്കുരകയാണ് സാധാരണക്കാരും കരാറുകാരും. അന്യസംസ്ഥാന തൊഴിലാളികൾക്കും മേഖലയിൽ തൊഴിൽ ഇല്ലാത്ത സ്ഥിതിയാണ്.

മെറ്റൽ ഒരു അടി 60 രൂപയാണ് വില. മുൻപ് 3540 എന്നിങ്ങനെയായിരുന്നു വില. 50 അടിയുള്ള ഒരു ലോഡിന് വില 7500 രൂപയാണ്. തേയ്ക്കുന്നതിന് ഉപയോഗിക്കുന്ന ഡിസാന്റ് 80 രൂപയും വാർക്കാൻ ഉപയോഗിക്കുന്ന എംസാന്റിന് 60 രൂപയുമാണ് വില. മുൻപ് 50 രൂപയായിരുന്നു. പാറപ്പൊടി 50 രൂപയാണ് വില.

കമ്പിക്ക് 70 രൂപയാണ് കിലോയുടെ വില. സിമന്റിന് 500 രൂപയാണ് വില. സോളിഡ് കട്ട 3545 എന്നിങ്ങനെയാണ് വില. 4 ഇഞ്ച് കട്ട 30 രൂപയാണ് വില. ചുടുകട്ട 12 രൂപയാണ് ഇപ്പോൾ മുൻപ് 8 രൂപയായിരുന്നു. കരിങ്കല്ല് 7000 രൂപയിൽ നിന്നും 8500 ലോഡിന് വില. റീടെയ്ൽ വിലയിൽ മാറ്റമുണ്ടാകും.

# മീറ്റ് ദി സ്കോളർ സംവാദ പരിപാടി ഇന്ന്

തിരുവനന്തപുരം: കേരള സർവകലാശാല ഐക്യുഎസിയും ഫിസിക്സ് വിഭാഗവും സംയുക്തമായി സയൻസ് ടെക്നോളജി ആന്റ് സൊസൈറ്റി എന്ന വിഷയത്തിൽ മീറ്റ് ദി സ്കോളർ സംവാദ പരിപാടി സംഘടിപ്പിക്കും. ഇന്ന് വൈകിട്ട് 5.30ന് ഓൺലൈനായാണ് പരിപാടി സംഘടിപ്പിക്കുന്നത്. ബംഗളൂരു ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ പത്മശ്രീ ദിപാകർ ബാനർജി കുട്ടികളുമായിസംവദിക്കും. വദ്യേ ം://ാലല.േഴീഴഹല.രീാ/ൂേരഃലവശൗ എന്ന ലിങ്ക് വഴി പരിപാടിയിൽ പങ്കെടുക്കാം.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ റിട്ടയേഡ് പ്രൊഫസറും പീഡിയാട്രിക്സ് ഡിപ്പാർട്ടമെന്റ് ഹെഡുമായിരുന്ന ഡോ. കെ. ശബരിനാഥ്, മുൻ കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. ബി. ഇക്ബാൽ എന്നിവർ സ്മൃതി ഭാഷണം നടത്തി.

ഫെസ്റ്റിവൽ ഡയറക്ടർ പ്രമോദ് പയ്യന്നൂർ ആമുഖ ഭാഷണവും റോബിൻ സേവ്യർ നന്ദിയും പറഞ്ഞു. പത്താം ദിനമായ ഇന്ന് (11.11.2021) നടക്കുന്ന അനുസ്മരണ കൂട്ടായ്മയിൽ ഇന്ത്യൻ അത്ലറ്റിക് ടീം കോച്ചും ദ്രോണാചാര്യ അവാർഡ് ജേതാവുമായ പദ്മശ്രീ ഓ. എം. നമ്പ്യാരെ സ്പ്രിന്റ് റാണി പി. ടി. ഉഷയും,

ഇന്ത്യൻ ഷൂട്ടിംഗ് ചാമ്പ്യനും മുൻ ദേശീയ പരിശീലകനും ദ്രോണാചാര്യ അവാർഡ് ജേതാവുമായ പ്രൊഫ. സണ്ണി തോമസ്, ഇന്ത്യൻ ബോക്സിംഗ് ചാമ്പ്യനും ദ്രോണാചാര്യ അവാർഡ് ജേതാവുമായ ഡി. ചന്ദ്രലാൽ എന്നിവർ അനുസ്മരിക്കും.

# സമയപരിധി നീട്ടി

202223 അധ്യയന വർഷത്തേക്ക് ഒന്നു മുതൽ പത്തുവരെ ക്ലാസുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങളുടെ ഇൻഡന്റ് രേഖപ്പെടുത്തുന്നതിന് സ്കൂളുകൾക്ക് നൽകിയിരുന്ന സമയം നവംബർ 20 വരെ നീട്ടി.

# അതിദാരിദ്ര്യ നിമ്മാർജ്ജന പ്രവർത്തനത്തിന് ഇന്റേൺസിനെ നിയോഗിക്കും: മന്ത്രി

അതിദാരിദ്ര്യ നിർമ്മാർജ്ജന യജ്ഞത്തിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ ഇന്റേൺസിനെ നിയമിക്കാൻ നിർദേശം നൽകിയതായി തദ്ദേശ സ്വയംഭരണ, എക്സൈസ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. സാമൂഹ്യ പ്രതിബദ്ധതയും സേവന തൽപ്പരതയുമുള്ള ബിരുദമോ ബിരുദാനന്തര ബിരുദമോ ഉള്ളവരെ 10000 രൂപ യാത്രാ ചിലവ് നൽകി മൂന്നുമാസ കാലയളവിലേക്കാണ് നിയമിക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

അതിദാരിദ്ര്യ നിർണയം വിപുലവും ബൃഹത്തുമായ പ്രക്രിയയാണ്. ജില്ലകളിലെ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ തുടങ്ങിയയിടങ്ങളിലെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും മാനവ വിഭവശേഷി ആവശ്യമാണ്. ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാരെ പുനർവിന്യസിച്ചതിനാൽ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ തടസ്സമുള്ളത് മനസിലാക്കിയാണ് ജില്ലാതല നോഡൽ ഓഫീസർമാർക്ക് പിന്തുണ നൽകാൻ ഇന്റേൺസിനെ നിയോഗിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

# കോവിഡ്, വാക്സിനേഷൻ, സ്കൂൾ തുറന്നതിന് ശേഷമുള്ള സാഹചര്യം: മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ യോഗം ചേർന്നു

തിരുവനന്തപുരം: സംസ്ഥാനത്തെ കോവിഡ് വ്യാപനം, വാക്സിനേഷൻ പ്രവർത്തനങ്ങൾ, സ്കൂൾ തുറന്നതിന് ശേഷമുള്ള സാഹചര്യം എന്നിവ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ചർച്ച ചെയ്തു. കോവിഡുമായി ബന്ധപ്പെട്ട പൊതുസ്ഥിതി യോഗം വിലയിരുത്തി. ഓരോ ജില്ലകളിലേയും സാഹചര്യങ്ങളും യോഗം വിലയിരുത്തി. സ്കൂളുകളിൽ കൃത്യമായ നിരീക്ഷണം തുടരണമെന്ന് മന്ത്രി നിർദേശം നൽകി.

രണ്ടാം ഡോസ് വാക്സിനെടുക്കാൻ ചിലർ കാലതാമസം വരുത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. രണ്ട് ഡോസ് വാക്സിൻ എടുത്താൽ മാത്രമേ പൂർണമായ പ്രതിരോധം ലഭിക്കൂ. അതിനാൽ എല്ലാവരും കാലതാമസം കൂടാതെ രണ്ടാം ഡോസ് വാക്സിൻ എടുക്കേണ്ടതാണ്. വാക്സിൻ എടുത്തു എന്നു കരുതി ജാഗ്രത വെടിയരുത്. കോവിഡ് മാർഗനിർദേശങ്ങൾ എല്ലാവരും പാലിക്കേണ്ടതാണ്.

ശബരിമല തീർത്ഥാടകർക്ക് ഒരുക്കിയിരിക്കുന്ന ആരോഗ്യ സേവനങ്ങളും യോഗം ചർച്ച ചെയ്തു. പത്തനംതിട്ട, കോട്ടയം ജില്ലകളിൽ പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കും. എല്ലാ ഭാഷകളിലും അവബോധം നൽകുന്നതാണ്.

ആരോഗ്യ ജാഗ്രത ക്യാമ്പയിൻ ശക്തിപ്പെടുത്തുന്നതാണ്. ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾക്കെതിരെ ജാഗ്രത പാലിക്കും. ഓക്സിജൻ പ്ലാന്റുകൾ സമയബന്ധിതമായി പ്രവർത്തനസജ്ജമാക്കാനും മന്ത്രി നിർദേശം നൽകി.

ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. വി.ആർ. രാജു, അഡീഷണൽ ഡയറക്ടർമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# വട്ടിയൂർക്കാവ് നിയമ അദാലത്ത്: 12 വരെ അപേക്ഷിക്കാം

തിരുവനന്തപുരം: വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡും(വൈബ്) ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയും സംയുക്തമായി ലീഗൽ ക്ലിനിക്ക് ആരംഭിക്കും. ഈ മാസം 17ന് പിന്നാക്കക്ഷേമ വകുപ്പ് മന്ത്രി കെ രാധാകൃഷണൻ ലീഗൽ ക്ലിനിക്ക് ഉദ്ഘാടനം ചെയ്യും. ഉദ്ഘാടന പരിപാടിയോടനുബന്ധിച്ച് നിയമ അദാലത്ത് സംഘടിപ്പിക്കും.

വട്ടിയൂർക്കാവ് നിയമസഭാ നിയോജക മണ്ഡലത്തിലെ താമസക്കാരിൽ ഗാർഹിക പീഡനം അനുഭവിക്കുന്നവർ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ പീഡനങ്ങൾക്കിരയായവർ, മക്കളുടെ സംരക്ഷണം ലഭിക്കാത്ത മാതാപിതാക്കൾ എന്നിവർക്ക് അദാലത്തിലേക്ക്പരാതി നൽകാം. വൈബിന്റെ ശാസ്തമംഗലം ശ്രീരംഗം ലെയിനിലുള്ള ഓഫീസിൽ നേരിട്ടോ, ഈ മാസം 12 നകം പരാതികൾ സമർപ്പിക്കണം.

# സൂര്യാസ്തമനത്തിനു ശേഷവും ഇനി പോസ്റ്റുമാർട്ടം നടത്താം; അനുമതി നൽകി സർക്കാർ

ന്യൂഡൽഹി: സൂര്യാസ്തമനത്തിനു ശേഷം പോസ്റ്റുമാർട്ടം പാടിലെന്ന നിയമത്തെ അസാധുവാക്കി കേന്ദ്ര ആരോഗ്യമന്ത്രാലയം. ഇനി മുതൽ പോസ്റ്റുമാർട്ടം രാത്രിയിലും നടത്താം. അടിയന്തര ശസ്ത്രക്രിയകൾ നടത്തേണ്ടി വരുന്ന സാഹചര്യത്തിൽ അവയദാനം ചെയ്യുന്നതിന് പുതിയ നിയമം സഹായകരമാകും.

വെളിച്ചമില്ലാത്ത സാഹചര്യത്തിൽ തെളിവുകൾ നശിപ്പിക്കപ്പെടാനുള്ള സാധ്യത ഉണ്ടായിരുന്നത്തിനാലാണ് രാത്രി സമയങ്ങളിൽ പോസ്റ്റുമാർട്ടത്തിന് നിയന്ത്രണമുണ്ടായിരുന്നത്. എന്നാൽ സാങ്കേതിക വിദ്യകൾ വളർന്നതോടെ പഴയ നിയമങ്ങൾക്ക് മാറ്റം വേണമെന്ന് ഡയറക്ടർ ജനറൽ ഓഫ് ഹെൽത്ത് സർവീസസ് നിർദേശിച്ചിരുന്നു.

മതിയായ സൗകര്യങ്ങളുള്ള ആശുപത്രികൾക്ക് കൃത്യമായ മാർഗനിർദേശം പാലിച്ച് ഏത് സമയവും പോസ്റ്റുമാർട്ടം നടത്താം. നിയമം ആവശ്യപെടാത്ത സാഹചര്യത്തിൽ കൊലപാതകം, ആത്മഹത്യ, ബലാത്സംഖം എന്നിവ നേരിടുകയോ കാലപ്പഴക്കം ചെല്ലുകയോ ദ്രവിച്ചതോ ആയ മൃത ശരീരങ്ങൾ എന്നിവ രാത്രി പോസ്റ്റുമാർട്ടം ചെയ്യുന്നത് ഒഴിവാക്കണം.

രാത്രി പോസ്റ്റുമാർട്ടം നടത്തുമ്പോൾ വെളിച്ചവും മറ്റ് സൗകര്യങ്ങളും ഉണ്ടെന്ന് ഉറപ്പ് വരുത്തണം. തെളിവുകൾ സംരക്ഷിക്കുകയും പോസ്റ്റുമാർട്ടം നടപടികൾ പൂർണമായും വീഡിയോയിൽ പകർത്തുകയും വേണം. അവയദാനത്തിനായുള്ള പോസ്റ്റുമോർട്ടങ്ങൾക്ക് മുൻഗണന നല്കണമെന്നും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൻറെ നിർദേശങ്ങളിലുണ്ട്.



കേരള ലോകായുക്ത സംഘടിപ്പിച്ച ലോകായുക്ത ദിനാചരണ പരിപാടിയിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ മുഖ്യാതിഥിയായി പങ്കെടുത്തു സംസാരിക്കുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.